Goodword

മൗലാനാ
വഹീദുദ്ദീൻ ഖാൻ

# ജീവിതത്തിന്റെ അർത്ഥം

വിവർത്തനം:
കുഞ്ഞിമുഹമ്മദ് പാണ്ടികശാല

# ജീവിതത്തിന്റെ അർത്ഥം

**Maulana**
**Wahiduddin Khan's**

**Jeevithathinte Artham** (Malayalam Translation)

**The Reality of Life** (English Original)

**Translated by: Kunjimuhammed Pandiksala**

**All rights reserved**

**Publishers: Goodword Books Kerala**
**S M Street,**
**Calicut-1**
**Phone: 8129538666**
**Email: Keralagoodword@gmail.com**
**Web: www.Keralagoodword.com**

**Type, Layout and Cover: Shily-93 88 704 101**

**Printed @:**

**First Published: November 2016**

**Copies: 1000**

**Price: Rs. 50**

മൗലാനാ

# വഹീദുദ്ദീൻ ഖാൻ

# ജീവിതത്തിന്റെ അർത്ഥം

വിവർത്തനം:

കുഞ്ഞിമുഹമ്മദ് പാണ്ടികശാല

**Goodword Books Kerala**

# പ്രസാധകക്കുറിപ്പ്

**ആ**ധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിക അധ്യാപനങ്ങളെ അവതരിപ്പിക്കേണ്ട വർത്തമാന കാലഘട്ടത്തിന്റെ ദൗത്യമാണ് വിശ്വപ്രസിദ്ധ ഇസ്‌ലാമിക ചിന്തകനായ മൗലാനാ വഹീദുദ്ദീൻ ഖാൻ നിർവ്വഹിച്ചത്. പ്രവാചക ജീവിതം, ആത്മീയത, സമാധാനം എന്നിവയെ ആധാരമാക്കി ഇരുനൂറിലധികം കൃതികൾ മൗലാന രചിച്ചിട്ടുണ്ട്. അദ്ദേഹം സ്ഥാപിച്ച CPS International ഇസ്‌ലാമിനെ സമ്പൂർണ്ണ സമാധാന തത്വസംഹിതയായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയും സമാധാനം, ആത്മീയത എന്നിവയെക്കുറിച്ച് ഏതൊരു വ്യക്തിക്കും അവബോധം നല്കുകയും ചെയ്യുന്നു.

സ്രഷ്ടാവിൽ കേന്ദ്രീകൃത ജീവിതം നയിച്ചുകൊണ്ട് ആത്മീയതയിലൂടെ സ്വയം മാറുക; എങ്കിൽ, ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം നിരന്തരം ഉപദേശിക്കുന്നു. ആഗോള സമാധാനത്തിനും ഐക്യത്തിനും വേണ്ടി ആത്മീയതയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിലെ ഓരോ ഭവനങ്ങളിലും എത്തിക്കണമെന്നാണ് മൗലാനയുടെ വീക്ഷണം. ആ ദൗത്യം ഏറ്റെടുത്തുകൊണ്ട് മൗലാനയുടെ മുഴുവൻ കൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയാണ് ഞങ്ങൾ. ബഹുമത സംസ്കാരങ്ങളുടെ ഭൂമികയായ ഇന്ത്യയിൽ, “ഒന്നിനെ പിന്തുടരുക, മറ്റെല്ലാത്തിനെയും ബഹുമാനിക്കുക.” എന്ന പരസ്പര സഹവർത്തിത്വത്തിന്റെ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ഞങ്ങളുടെ പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഡയരക്ടർ
ഗുഡ് വേഡ് ബുക്സ് കേരള.

# മൗലാനാ വഹീദുദ്ദീൻ ഖാൻ

**1925** ആണ്ടിൽ ഉത്തരപ്രദേശിലെ അസംഗറിലായിരുന്നു മൗലാനാ വഹീദുദ്ദീൻ ഖാന്റെ ജനനം. അദ്ദേഹത്തിന്റെ നാലാം വയസ്സിൽ പിതാവ് ഫരീദുദ്ദീൻഖാൻ മരിച്ചു. മാതാവ് സൈബുന്നിസാ ഖാത്തൂന്റെ സംരക്ഷണത്തിലായിരുന്നു മൗലാന വളർന്നത്. വിദ്യാഭ്യാസത്തിനുള്ള സൗകര്യം നല്കിയിരുന്നത് അമ്മാവൻ സൂഫീ അബ്ദുൽ ഹമീദ് ഖാൻ ആയിരുന്നു.

മൗലാനയുടെ കുടുംബത്തിലെ മറ്റ് അംഗങ്ങൾ പാശ്ചാത്യ വിദ്യാഭ്യാസം തിരഞ്ഞെടുത്തപ്പോൾ 1938 ആണ്ടിൽ അസംഗറിലെ മദറസത്തുൽ ഇസ്ലാഹിയയിൽ പരമ്പരാഗത മത വിദ്യാഭ്യാസത്തിന് വേണ്ടി മൗലാന ചേർന്നു. 1944 ആണ്ടിൽ മത വിദ്യാഭ്യാസത്തിൽ ബിരുദവും കരസ്ഥമാക്കി.

ഇസ്ലാമിക പ്രമാണമായ വിശുദ്ധ ഖുർ,ആനിലെ "എല്ലാ പ്രയാസങ്ങളുടെയും കൂടെ സൗകര്യവുമുണ്ട്" എന്ന സൂക്തം ഇസ്ലാമിന്റെ കേന്ദ്ര തത്വമായിട്ട് താൻ കണ്ടെത്തിയെന്ന് മൗലാനാ പറഞ്ഞു. ഒന്നുകിൽ നമുക്ക് പ്രശ്നങ്ങളിൽ കേന്ദ്രീകൃതമാവാം. അല്ലെങ്കിൽ സൗകര്യങ്ങളിൽ കേന്ദ്രീകൃതമാവാം.

ആ ഖുർ,ആനിക സൂക്തത്തിന്റെ പരിപ്രേക്ഷ്യത്തിൽ അദ്ദേഹം ഒരു ജീവിത ഫോർമ്മുല മെനഞ്ഞെടുത്തു– 'പ്രശ്നങ്ങളെ അവഗണിക്കുക, സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുക.' തന്റെ മുഴു ജീവിതവും ആ സൂക്തത്തിന്റെ സാക്ഷ്യ പത്രമാണെന്ന് അദ്ദേഹം പറയാറുണ്ട്.

മൗലാനയുടെ, പഠിക്കാനുള്ള ഉൽക്കടമായ ആഗ്രഹം കുട്ടിക്കാലത്ത് ആരംഭിച്ചു. ഇപ്പോഴും അനുസ്യൂതം തുടരുന്നു. അമ്മാ

വൻ കാരണമായിട്ടാണ് മദറസയിൽ ചേർന്നതെങ്കിലും ഗവേഷണം ആരംഭിച്ചത് മൗലാനയുടെ യൗവ്വന കാലത്തെ സമകാലിക രുമായുള്ള സംഭാഷണം മുഖേനെയായിരുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ വിചാരിച്ചത് എന്റെ വിദ്യാഭ്യാസം പൂർണ്ണമായിട്ടുണ്ടെന്നാ യിരുന്നു. ഉയർന്ന വിദ്യാസമ്പന്നരായ വ്യക്തികളോട് ആശയ വിനി മയം നടത്തിയപ്പോൾ ഞാൻ അഗാധമായ തിരിച്ചറിവിന് പാത്രീഭൂ തനായി. മത വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും ഇസ്‌ലാമിന്റെ പ്രസ ക്തിയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഞാൻ അശക്തനാണ്. ഉത്തരങ്ങൾ കണ്ടെത്താൻ വേണ്ടി വീണ്ടുമൊരു പുനർവ്വായന ആരംഭിച്ചു. കേവല പരിഭാഷകളിൽ നിന്നും അതിന്റെ വിശദീകരണങ്ങളിൽ നിന്നും അകന്ന് ഇസ്‌ലാമിന്റെ പ്രമാണിക പഠനങ്ങൾ അതിന്റെ തനത് ഭാഷയായ അറബിയിൽ നിന്ന് വായി ക്കുകയും ശേഷം ഗഹനമായ വിചിന്തനത്തിനുവേണ്ടി ജീവിത ത്തിന്റെ ഗണ്യമായ സമയം മാറ്റിവെക്കുകയും ചെയ്തു. അങ്ങനെ ഞാൻ ഇസ്‌ലാമിക വിശ്വാസത്തെ വീണ്ടും കണ്ടെത്തുകയായിരു ന്നു.

എനിക്ക് ഇസ്‌ലാമിക വിശ്വാസം പരമ്പരാഗത സംസ്കാര ത്തിന്റെ ഭാഗമായി ലഭിച്ചതായിരുന്നു. എന്നാൽ ഗാഢമായ പുനർ പഠനത്തിന് ശേഷം പൂർണ്ണ അവബോധത്തോടെ തിരഞ്ഞെടുത്ത തായിരുന്നു വിശ്വാസം. വീണ്ടും പുതുതായ് ജനിച്ച അനുഭവം പോലെ. ഇസ്‌ലാമിനെ അതിന്റെ യഥാർത്ഥ ഉറവിടത്തിൽ നിന്ന് കണ്ടെത്തിയതിന് ശേഷം ഞാൻ തിരിച്ചറിഞ്ഞത്, ഇസ്‌ലാം ആധു നിക യുഗത്തിൽ ഏറെ പ്രസക്തമാണെന്നാണ്."

മൗലാന സ്വപ്രയത്നങ്ങളാൽ ഇംഗ്ലീഷ് ഭാഷയിൽ അഗാധ പ്രാവീണ്യം നേടിക്കൊണ്ട് പാശ്ചാത്യ എഴുത്തുകാരുടെയും തത്വ ചിന്തകരുടെയും മഹത്തായ ഗ്രന്ഥങ്ങൾ ഗാഢമായ പഠനത്തിന് വിധേയമാക്കി. ആധുനിക മനുഷ്യ മനസ്സിനെ അഭിസംബോധന ചെയ്യുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അവതരിപ്പിക്കേണ്ട കാലഘട്ടത്തിന്റെ മഹത്തായ ദൗത്യത്തിലേക്ക് മൗലാനാ വഹീദുദ്ദീൻ ഖാൻ പിന്നീട് തന്റെ ജീവിതം സ്വയം സമർപ്പിക്കുകയായിരുന്നു. ആ ഗവേഷണത്തിന്റെ ഫലമായി മൗലാന ഇസ്‌ലാമിന്റെ പ്രാമാണിക ഗ്രന്ഥങ്ങളിലും ആധു നിക ശാസ്ത്ര വിജ്ഞാനത്തിലും അഗാധ പ്രാവീണ്യമുള്ള വ്യക്തി ത്വമായി.

1955 ആണ്ടിൽ തന്റെ ആദ്യത്തെ ഗ്രന്ഥമായ ഇൽമ്മീ ജദീദ് കാ ചലജ് പ്രസിദ്ധീകരിച്ചു. ആ കൃതി ഇംഗ്ലീഷിൽ God Arises എന്ന പേരിൽ പ്രസിദ്ധീകരിപ്പെട്ടു. പിന്നീട് അറബിക്, മലായ, തുർക്കിഷ്, ഹിന്ദി, മലയാളം, സിന്ദി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ആധുനിക ചിന്തയിൽ ഇസ്‌ലാമിന്റെ സ്ഥാനം എന്നതിനുള്ള ആധികാരിക മാനദണ്ഡമായി ലോകം അതിനെ സ്വീകരിച്ചു. ആറ് അറബീ രാജ്യങ്ങളിലെ സർവ്വകലാ ശാലകളിലെ കരിക്കുലത്തിൽ ആ ഗ്രന്ഥം ഉൾപ്പെടുത്തിയിരിക്കുന്നു. മൗലാനയുടെ ഗവേഷണത്തിന്റെ പരമകാഷ്ഠയായിരുന്നു, അൽ ഇസ്‌ലാം എന്ന ഗ്രന്ഥം. ആധുനിക യുഗത്തിന് ഏറ്റവും അനുയോജ്യമായ തത്വ സംഹിതയായി ഇസ്‌ലാമിനെ അതിന്റെ പ്രാമാണിക ഉറവിടമായ ഖുർ,ആൻ, പ്രവാചക ചര്യ, ആതാറുസ്വഹാബ എന്നിവയിൽ നിന്ന് കണ്ടെത്തി ലേകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ലഘു പുസ്തകമായ What is islam ലോകത്തിലെ പതിനാറ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ആധുനിക ഇംഗ്ലീഷിൽ വിശുദ്ധ ഖുർ,ആന്റെ വിവർത്തനവും ഇരുന്നൂറിലേറെ ഗ്രന്ഥങ്ങളും രചിച്ച മൗലാനയുടെ സമാധാന പ്രവർത്തനങ്ങൾക്ക് നിരവധി ദേശീയ, അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിവധ രാഷ്ട്രങ്ങൾ തമ്മിലുള്ള ആണവ സംഘട്ടനങ്ങളുടെ ഭീഷണിയെ തടയിടാൻ അദ്ദേഹം നടത്തിയ കാംപെയ്ൻ ലോക സമാധാനത്തിന് ലഭിച്ച വലിയ നേട്ടമായിരുന്നു. 2002 ആണ്ടിൽ സ്വിറ്റ്സ്വർലന്റിലെ സഗ്ഗിൽ ലോക രാഷ്ട്രങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത പീസ് ഫോറത്തിൽ അണുവായുധ നിരായുധീകരണത്തിന് വേണ്ടി മൗലാന സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് അന്താരാഷ്ട്ര അണുവായുധ നിരായുധീകണ സംഘടന Demiurges peace international award നല്കി ആദരിച്ചു. ആ അവാർഡ് മുൻ സോവിയറ്റ് യൂണിയൻ പ്രസിഡണ്ട് മിഖായേൽ ഗോർബ്ബച്ചേവിന്റെ രക്ഷാധികാരത്തിലുള്ളതായിരുന്നു. രാഷ്ട്രങ്ങൾ തമ്മിൽ സമാധാനാന്തരീക്ഷം നിലനിർത്താനുള്ള മൗലാനയുടെ അതുല്യമായ പ്രവർത്തന നേട്ടങ്ങൾക്കുള്ള അംഗീകാരമായിരുന്നു അത്. കൊറിയയിലെ സമാധാന സംഘടനയായ International federation for wold peace മൗലാനാ വഹീദുദ്ദീൻ ഖാന്, സമാധാനത്തിന്റെ അംബാസഡർ എന്ന് നാമധേയം നല്കുകയും ചെയ്തു.

ദുബായിയിലെ Forum for promoting peace in muslim

societies 2015 ഏപ്രിൽ 30 തീയതി മൗലാനാ വഹീദുദ്ദീൻ ഖാന് ഇമാം അൽ ഹസൻ ഇബിനു അലി പീസ് അവാർഡ് നല്കി ആദരിച്ചു. ഫോറത്തിന്റെ ചെയർമ്മാനായ ശൈഖ് അബ്ദുല്ലാ ബിൻ ബയ്യ പറഞ്ഞു: "90 വയസ്സുള്ള മൗലാനാ വഹീദുദ്ദീൻ ഖാൻ സ്വാഹിബ് കഴിഞ്ഞ 70 വർഷങ്ങളായി ലോക സമാധാനത്തിനും സഹിഷ്ണുതക്കും വേണ്ടി അക്ഷീണമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു."

ജോർദ്ദാനിലെ റോയൽ ഇസ്ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.

2015 സപ്തംബറിൽ അമേരിക്കയിലെ ഇസ്ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ISNA) മൗലാനക്ക് Life time acheevment അവാർഡ് നല്കി ആദരിച്ചു. ISNA യുടെ പ്രസിഡണ്ട് ഡോക്ടർ സയ്യിദ് സ,ഈദ് മൗലാനയുടെ പുതിയ രണ്ട് കൃതികളായ The age of peace, Quranic wisdom എന്നിവ പ്രകാശനം ചെയ്തു.

മൗലനക്ക് നല്കപ്പെട്ട അവാർഡുകളിൽ ചിലതാണ് പത്മഭൂഷൺ, നാഷണൽ ഇന്റഗ്രേഷൻ അവാർഡ്, കമ്യൂണൽ ഹാർമ്മണി അവാർഡ്, ദി വാലിബൻ മോഹൻല്ലാൽ മെഹ്ത അവാർഡ്, നാഷണൽ അമിറ്റി അവാർഡ്, അരുണ അസഫ് അലി സദ്ഭവനാ അവാർഡ്, ദില്ലി ഗൗരവ് അവാർഡ്, ഉറുദു അക്കാദമി അവാർഡ്, മദർ തെരേസ നല്കിയ നാഷണൽ സിറ്റിസൺ അവാർഡ് എന്നിവ.

സമാധാനത്തിന്റെ പ്രചാരണത്തിനുവേണ്ടി 2001 ആണ്ടിൽ മൗലാന Centre for peace and spirituality international(CPSI) രൂപീകരിച്ചു. ഡൽഹിയിലെ തന്റെ സെന്ററിലെ ലൈവ് സെഷനിലൂടെയും വിവിധ സംപ്രേക്ഷണങ്ങളിലൂടെയും ലോക സമാധാനത്തിന്റെ സന്ദേശം കഴിഞ്ഞ ഏഴ് ദശകങ്ങളായ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സംഘടന ലക്ഷ്യമാക്കുന്നത് ആത്മീയതയിലൂന്നിയ സമാധാനത്തിന്റെ സംസ്കാരമാണ്. സെന്റർ വളരെ സജീവമായി പരസ്പര സംഭാഷണങ്ങളിലുടെ ദേശീയ, അന്തർദ്ദേശീയ അഖണ്ഡതക്കുവേണ്ടി യത്നിച്ചുകൊണ്ടിരിക്കുന്നു.

മൗലാന ദർശ്ശിക്കുന്നത് സമാധാനത്തിന്റെ ലോകത്തെയാണ്. ധനാത്മക(പോസറ്റീവ്) മനോഭാവമുള്ള ഒരുപറ്റം വ്യക്തികൾക്ക്

സമാധാന സംസ്കാരമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുമെന്നുള്ളത് മൗലാനയുടെ ഉൽക്കടമായ വിശ്വാസമാണ്. "ഇത്തരം അവസ്ഥ സംജാതമാകണമെങ്കിൽ മനുഷ്യ മനസ്സിനെ പോസറ്റീവ് ചിന്തയിലേക്ക് വികസിപ്പിക്കണം. അതിനുവേണ്ടി നാം മനസ്സിനെ പുനർ നിർമ്മാണത്തിനും പുനർ വ്യവസ്ഥിതിക്കും വിധേയമാക്കണം." — മൗലാന പറഞ്ഞു.

വിശ്വ പ്രസിദ്ധ സമാധാന പ്രവർത്തകരായ ഗാന്ധിജി, നൽസ്സൺ മണ്ടേല, ദലൈലാമ തുടങ്ങിയവരെപ്പോലെ മൗലാനാ വഹീദുദ്ദീൻ ഖാൻ ഉന്നത ജ്ഞാനം കൊണ്ടും കാര്യ ഗ്രഹണ ശക്തി കൊണ്ടും ആത്മീയതയെയും സമാധാനത്തെയും സംബന്ധിച്ച് ടൈംസ് ഓഫ് ഇന്ത്യയുടെ സ്പീക്കിങ് ട്രീ പംക്തിയിൽ വർഷങ്ങളായി എഴുതിക്കൊണ്ടിരിക്കുന്നു.

ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് എഴുപതുവർഷങ്ങളായിട്ട് മൗലാന എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്ഥാപിച്ചു. ആധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ശൈലിയിലും ഭാഷയിലും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ സമ്പൂർണ്ണമായി അവതരിപ്പിച്ചു. കാലഘട്ടത്തിന്റെ മഹാ ദൗത്യം അതിലൂടെ മൗലാന നിർവ്വഹിക്കുകയായിരുന്നു.

## കുഞ്ഞിമുഹമ്മദ് പാണ്ടികശാല

**1954** ജൂണിൽ മലപ്പുറം ജില്ലയിലെ മമ്പാട് ജനിച്ചു. പിതാവ്: പാണ്ടികശാല കുഞ്ഞാലി മുസ്‌ലിയാർ. മാതാവ്: കാമ്പ്രത്ത് ഖദീജ. മമ്പാട് എം ഇ എസ് കോളേജിൽ നിന്ന് കൊമേഴ്‌സ് ബിരുദം. അഞ്ചുകൊല്ലത്തോളം ബേങ്കിൽ ജോലിചെയ്തു. പിന്നീട് രാജിവെച്ച് വ്യവസായ വകുപ്പിൽ ഇൻസ്‌പെക്ടറായി ജോലിചെയ്തു. 2011 ൽ ഡെപ്യൂട്ടി ഡയരക്ടറായി റിട്ടയർ ചെയ്തു.

കേരളാ സാഹിത്യ അക്കാദമിയുടെ ഗ്രാന്റ് ലഭിച്ച, ഖുർ,ആൻ കഥകളിലൂടെ എന്ന പുസ്തകം ഉൾപ്പെടെ നാല്പതോളം കൃതികൾ രചിച്ചിട്ടുണ്ട്. ആകാശവാണി കോഴിക്കോട് നിലയത്തിൽ നിന്ന് ഇരുപത്തഞ്ചോളം ഭക്തിഗാനങ്ങൾ പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

വിലാസം: പാണ്ടികശാല ഹൗസ്,
മമ്പാട് – 676 542
ഫോൺ: 80 86 784 321

# അധ്യായങ്ങൾ


1. സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി ........ 13

2. എന്താണ് സ്വർഗ്ഗം? ........ 16

3. സ്വർഗ്ഗത്തിലെത്താനുള്ള അർഹത ലഭിക്കുന്നത് എങ്ങനെ?........ 17

4. സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയോടുള്ള ശരിയായ സമീപനം 19

5. ഏറ്റവും പ്രധാന പ്രശ്നം ........ 21

6. മരണാനന്തര ജീവിതം ........ 28

7. എങ്ങനെയാണ് നാം വിധിക്കപ്പെടുക? ........ 34

8. എന്താണ് പരലോകം? ........ 37

9. സ്രഷ്ടാവിനോടുള്ള ഉത്തരവാദിത്വം ........ 39

10. മനുഷ്യൻ യാഥാർത്ഥ്യം തിരിച്ചറിയുന്നു ........ 42

11. സ്രഷ്ടാവിനെ ചുറ്റുന്ന ജീവിതം ........ 45

പരമ കാരുണ്യവാനായ അല്ലാഹുവിന്റെ നാമത്തിൽ

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി

*അനന്ത വിശാലമായ ഈ പ്രപഞ്ചത്തിൽ മനുഷ്യൻ ഒരപരിചിതനായി തോന്നുന്നു. മനുഷ്യൻ ഈ ലോകത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ല. ഈ ലോകം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതുമല്ല. മനുഷ്യനും ഈ പ്രപഞ്ചവും തമ്മിൽ ഒരു യോജിപ്പും തോന്നുന്നില്ല.*

— ഒരു പാശ്ചാത്യ ചിന്തകൻ എഴുതി.

**എ**ണ്ണമറ്റ നൈസർഗ്ഗിക കഴിവുകളുമായിട്ടാണ് മനുഷ്യൻ ഈ ലോകത്ത് ജനിക്കുന്നത്. പക്ഷെ, ഈ ലോകത്ത് അത്തരം കഴിവുകൾക്ക് പരിമിതമായ ഉപയോഗമാണ് അവന് കാണാൻ കഴിയുന്നത്. യഥാർത്ഥത്തിൽ മനുഷ്യരെല്ലാം ഒരിക്കലും അവസാനിക്കാത്ത ഒരു ജീവിതമാണ് കൊതിക്കുന്നത്. എന്നാൽ അവന്റെ അനുവാദം കൂടാതെ പെട്ടെന്ന് മരണം വന്നുചേരുകയും അവന്റെ ജീവിതം അവസാനിക്കുകയും ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ ആഗ്രഹങ്ങളുടെ ഒരു മഹാ സമുദ്രം തന്നെ കുടികൊള്ളുന്നു. എന്നാൽ ആ ആഗ്രഹങ്ങളൊന്നും ഒരിക്കലും പൂർത്തീകരിക്കപ്പെടുന്നില്ല. അവന്റെ ഹൃദയത്തിൽ ഒരു ജീവിത സ്വപ്നം കുടികൊള്ളുന്നു. എന്നാൽ ഒരിക്കലുമത് യാഥാർഥ്യമാകുന്നില്ല. ഇക്കാര്യത്തിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ യാതൊരു വ്യത്യാസവുമില്ല. എന്തുകൊണ്ടാണ് മനുഷ്യനും ഈ ലോക ജീവിതവും തമ്മിൽ പൊരുത്തപ്പെടാത്തത്?

സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി മനസ്സിലാക്കിയാൽ നമുക്ക് ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ കഴിയും.

യഥാർത്ഥത്തിൽ മനുഷ്യരുടെ സ്രഷ്ടാവ് വളരെ വ്യക്തമായ ഒരു ഉദ്ദേശ്യത്തോടെയാണ് മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. സ്രഷ്ടാവിന്റെ ഈ ഉദ്ദേശ്യവുമായി താദാത്മ്യം പ്രാപിക്കണമെങ്കിൽ മനുഷ്യന് തന്നെപ്പറ്റിയുള്ള പൂർണ്ണമായ തിരിച്ചറിവ് ആവശ്യമാണ്. ഒരു യന്ത്രത്തിന്റെ പ്രവർത്തനം അതുണ്ടാക്കിയ എഞ്ചിനീയർ വരച്ചുണ്ടാക്കിയ, ആ യന്ത്രത്തിന്റെ ഓരോ ഭാഗത്തിന്റെയും ചിത്ര ങ്ങളിലൂടെ മാത്രമെ മനസ്സിലാക്കാൻ കഴിയുകയുള്ളു എന്നതു പോലെ മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ അറിയിപ്പുകൂടാതെ മനുഷ്യനെ എന്തിനാണ് സൃഷ്ടിച്ചതെന്ന് അറിയാൻ കഴിയില്ല.

മനുഷ്യന്റെ നിലനില്പ് അനന്ത വിശാലമായ ഈ പ്രപഞ്ച ത്തിൽ അതുല്യമായ ഒരു പ്രതിഭാസമാണ്. ഈ പ്രപഞ്ചത്തിന്റെ ഒരു കോണിലും ഒരു ഉദാഹരണം പോലും കാണാത്തവിധം അതു ല്യമാണത്. മനുഷ്യൻ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ടനാണെ ന്നത് പൂർണ്ണമായും ശരിയാണ്. അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്, സ്രഷ്ടാവ് സൃഷ്ടിച്ചതിൽ വെച്ച് ഏറ്റവും നല്ലതും ഏറ്റവും അർത്ഥ വത്തായതുമായ സൃഷ്ടിയാണ് മനുഷ്യൻ എന്നാണ്. അങ്ങിനെ യുള്ള അർത്ഥവത്തായ ഒരു സൃഷ്ടിയെ യാതൊരുദ്ദേശ്യവുമില്ലാതെ സൃഷ്ടിക്കുകയില്ലെന്നത് ഒരു വസ്തുതയാണ്.

മനുഷ്യന്റെ സ്രഷ്ടാവ് അവനെ പ്രത്യേകമായൊരു ഉദ്ദേശ്യ ത്തോടുകൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. നശ്വരവും പൂർണ്ണതയില്ലാ ത്തതുമായ ഈ ലോകത്ത് ഒരു പരിശോധനാ ഘട്ടം എന്ന നില യിൽ ഒരു കാലാവധി വരെ ജീവിപ്പിക്കുവാനും ആ ജീവിത കാലത്തെ അവന്റെ വിശ്വാസവും പ്രവർത്തിയും കാരണമായി അന ശ്വരവും പരിപൂർണ്ണവുമായ സ്വർഗ്ഗത്തിൽ താമസിക്കാൻ അവൻ അർഹനായിത്തീരണമെന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്.

പ്രപഞ്ച സ്രഷ്ടാവ് രണ്ടുഭാഗങ്ങളായിട്ടാണ് ലോകത്തെ സൃഷ്ടിച്ചിട്ടുള്ളത്. ഒന്ന്, ജനനത്തിനുശേഷം നാം ജീവിതം കഴി ച്ചുകൂട്ടുന്ന ഈ പ്രത്യക്ഷ ലോകമാണ്. രണ്ടാമത്തേത്, മരണത്തി നുശേഷം നാം എന്നെന്നും ജീവിക്കാൻ പോകുന്ന പരലോകമാ ണ്. ഇങ്ങനെ സ്രഷ്ടാവ് മനുഷ്യനെ അനശ്വരനായ ഒരു സൃഷ്ടി യായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അവന്റെ ജീവിതം രണ്ടുഘട്ട

ങ്ങളായി ഭാഗിച്ചിട്ടുണ്ട്. ഒന്ന്, മരണത്തിനുമുമ്പുള്ള ഈ ജീവിതം. മറ്റേത്, മരണത്തിന് ശേഷമുള്ള ജീവിതവും.

മരണത്തിനുമുമ്പുള്ള പരിമിതമായ കാലം ഒരു പരീക്ഷയും, മരണത്തിനുശേഷമുള്ള ജീവിതം ഈ ലോകത്തുവെച്ച് അവൻ ചെയ്ത പ്രവർത്തികൾക്കുള്ള പ്രതിഫലമോ ശിക്ഷയോ അനുഭവിക്കാനുള്ള സ്ഥലവുമാണ്. മനുഷ്യന്റെ ഈ ലോകത്തുള്ള നിലനില്പിന് ഇങ്ങിനെയുള്ള ഒരു പദ്ധതിയാണ് സ്രഷ്ടാവ് ആസൂത്രണം ചെയ്തിട്ടുള്ളത്. സൃഷ്ടിപ്പിന്റെ യഥാർത്ഥമായ ഉദ്ദേശ്യം, ആരാണ് സ്വർഗ്ഗത്തിൽ താമസിക്കാൻ അർഹതയുള്ളവരെന്ന് മനസ്സിലാക്കി അവരെ അതിനായി തിരഞ്ഞെടുക്കുകയെന്നതാണ്.

# എന്താണ് സ്വർഗ്ഗം?

**ഏ**തൊരു പുരുഷന്റെയും സ്ത്രീയുടെയും ഹൃദയങ്ങൾക്കുള്ളിൽ കുടികൊള്ളുന്ന ആഗ്രഹ പൂർത്തീകരണങ്ങളുടെ കേന്ദ്രമായ പാവന ലോകമാണ് സ്വർഗ്ഗം. മനുഷ്യന്റെ വ്യക്തിത്വത്തിന് പരിപൂർണ്ണത ലഭിക്കുന്നത് സ്വർഗ്ഗത്തിലാണ്. മനുഷ്യൻ തന്റെ നിലനില്പിന്റെ പൂർണ്ണമായ സാക്ഷാത്കാരമായി സ്വർഗ്ഗത്തെ കൊതിക്കുന്നു. സ്വർഗ്ഗം അതിന്റെ പൂർണ്ണതയോടെ അവനെ കാത്തിരിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ എങ്ങനെ ചിന്തിക്കാൻ ആഗ്രഹിക്കുന്നുവോ അങ്ങനെ ചിന്തിക്കുകയും അവൻ എന്തുകാണാൻ ആഗ്രഹിക്കുന്നുവോ അതു കാണുകയും അവന്റെ കാതുകൾ അവന് അങ്ങേയറ്റം സന്തോഷം നല്കുന്നത് കേൾക്കുകയും സ്പർശ്ശനത്തിലൂടെ അവന് അങ്ങേയറ്റം ആസ്വാദ്യതയുള്ളത് സ്പർശ്ശിക്കുകയും അവന്റെ ജീവിതത്തെ ഏറ്റവും അർത്ഥവത്താക്കിത്തീർക്കുന്നവരുടെ സഹവാസം ലഭിക്കുവാനും നല്ല കുളിർമ്മയും സുഗന്ധവുമുള്ള മന്ദമാരുതന്റെ തലോടലേൽക്കാനും അങ്ങേയറ്റം രുചികരമായ ഭക്ഷണം കഴിക്കാനും അവന്റെ ഭാവനയിൽ അവൻ ആസ്വദിക്കാനാഗ്രഹിക്കുന്നതിൽ വെച്ച് ഏറ്റവും രുചികരമായ പാനീയം രുചിക്കാനും കഴിയുമാറ് മനുഷ്യ സൃഷ്ടിക്ക് പൂർണ്ണത ലഭിക്കുന്ന സ്വപ്ന സുന്ദര ലോകമാണ് സ്വർഗ്ഗം.

# സ്വർഗ്ഗത്തിലെത്താനുള്ള അർഹത ലഭിക്കുന്നത് എങ്ങനെ?

പരീക്ഷണത്തിനുവേണ്ടിയുള്ള ഈ ലോകത്തുവെച്ച് ഏത് പുരുഷനും സ്ത്രീക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള അർഹത നേടാം. അതിന് രണ്ട് യോഗ്യതകൾ ആവശ്യമാണ്. ഒന്ന്, സത്യം സ്വീകരിക്കലും; രണ്ട്, അതനുസരിച്ചുള്ള ആദർശ്ശ ജീവിതം നയിക്കലുമാണ്. ഇവ രണ്ടും ജീവിതത്തിലുണ്ടോയെന്ന് പരീക്ഷിക്കാനുള്ള പരീക്ഷയിൽ ജയിക്കുന്ന ആർക്കും സ്വർഗ്ഗത്തിൽ സ്ഥാനം നല്കുന്നതാണ്. ഈ പരീക്ഷയിൽ തോൽക്കുന്നവർക്ക് വേദനാജനകമായ ശിക്ഷ അനുഭവിച്ചുകൊണ്ടുള്ള ശാശ്വത ജീവിതം നയിക്കേണ്ടിവരും.

ഈ ലോകത്ത് മനുഷ്യന് എന്തും ചെയ്യാൻ സ്വാതന്ത്ര്യമുള്ളതായി കാണാം. പക്ഷെ, ഈ സ്വാതന്ത്ര്യം ഒരിക്കലും അവന് അർഹതപ്പെട്ട ഒരു കാര്യമല്ല. പക്ഷെ, ഇതൊരു പരീക്ഷ മാത്രമാണ്. യഥാർത്ഥത്തിൽ മനുഷ്യൻ ചെയ്യേണ്ടത് തന്റെ സ്രഷ്ടാവിനെ സത്യസന്ധമായി അംഗീകരിക്കുകയും അവന് കീഴ്വണങ്ങുകയും ചെയ്യുകയാണ്. ആരുടെയും നിർബ്ബന്ധം കാരണമല്ലാതെ സ്വയം ചിന്തിച്ച് സത്യവും അസത്യവും ഏതെന്നുമനസ്സിലാക്കി സത്യത്തെ തിരഞ്ഞെടുത്ത് അതനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ഏകനായ സ്രഷ്ടാവിന്റെ മുന്നിൽ സ്വയം സമർപ്പിക്കുകയെന്നത് ഒരു മനുഷ്യന് ചെയ്യാവുന്നതിൽ വെച്ച് ഏറ്റവും വലിയ ത്യാഗമാണെന്നതിൽ യാതൊരു സംശയവുമില്ല. ഏകനായ സ്രഷ്ടാവിന്റെ സത്യത്തെ അംഗീകരിക്കൽ സ്രഷ്ടാവിന്റെ മുമ്പിൽ മാത്രമല്ല മറ്റ് സൃഷ്ടികളുടെ മുന്നിലും സ്വയം ചെറുതാവുന്നതുപോലെയാണ്.

എന്നാൽ ഇത് മനുഷ്യനെ ഏറ്റവും ഉന്നതമായ അവസ്ഥയിലേക്ക് ഉയർത്തുന്ന സത്ഗുണമാണ്. അത് അവനെ സ്വർഗ്ഗത്തിന്റെ പ്രവേശന കവാടത്തിലെത്തിക്കും.

രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം സദാചാരത്തിലധിഷ്ടിതമായ ഒരു ജീവിതം നയിക്കുക എന്നതാണ്. സാധാരണ മനുഷ്യന്റെ സ്വഭാവത്തിൽ ദേഷ്യം, പ്രതികാര വാഞ്ഛ, അസൂയ, വെറുപ്പ്, ശത്രുത തുടങ്ങിയ പല വികാരങ്ങളും ഉൾക്കൊള്ളുന്നു. അവയൊക്കെയും മനുഷ്യന്റെ വ്യക്തിത്വത്തെ ഇടിച്ചുതാഴുത്തുന്ന ദുർവ്വിചാരങ്ങളാണ്. പക്ഷെ, മനുഷ്യൻ സ്വയം നിയന്ത്രിച്ച് അങ്ങനെയുള്ള ദുർവ്വിചാരങ്ങളിൽ നിന്ന് ഒഴിവായിത്തീരണം. അവൻ തന്റെ സ്വഭാവം പുറമെയുള്ള താത്പര്യങ്ങളുടെ സ്വാധീനപ്രകാരം ആക്കിത്തീർക്കരുത്. എന്നാൽ അവൻ തന്റെ സ്വഭാവം ഉയർന്ന സദാചാരങ്ങളുടെ മേൽ പടുത്തുയർത്തേണ്ടതുണ്ട്. ഇതിനെയാണ്, പരിപാവനമായ വ്യക്തിത്വമെന്ന് പറയുന്നത്.

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയോടുള്ള ശരിയായ സമീപനം

സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി പ്രകാരം മനുഷ്യന് ദൈവത്തിന്റെ പരീക്ഷയുടെ ഭാഗമായി ജീവിതത്തിലുടനീളം പല ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടിവരുന്നു. ബുദ്ധിമുട്ടുകളും ദുഃഖങ്ങളും സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയിലെ അനിവാര്യമായ ഒരു ഘടകമാണ്. ഒരു മനുഷ്യനും ഇക്കാര്യത്തിൽ നിന്ന് സ്വയം ഒഴിഞ്ഞുമാറാൻ സാധ്യമല്ല. ഈ ഭൗതിക ലോകം അലങ്കാരങ്ങളും ആഡംബരങ്ങളും ആസ്വദിച്ച് സുഖിച്ച് ജീവിക്കാനുള്ളതല്ല. മനുഷ്യന് അനശ്വരമായ സുഖസൗഭാഗ്യങ്ങളുടെ കേന്ദ്രമായ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹതയുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കാനുള്ള ഒരു പരീക്ഷണ ഘട്ടം മാത്രമാണെന്ന് ഓർമ്മപ്പെടുത്താൻ വേണ്ടിയാണ് ഈ ഏർപ്പാട്.

ഭൗതിക പുരോഗതിയുടെ ഉത്തുംഗതയിൽ നിൽക്കുന്ന ഈ കാലഘട്ടത്തിലും മനുഷ്യ ജീവിതത്തിന് പ്രയാസങ്ങളുണ്ടാക്കുന്ന ധാരാളം കാര്യങ്ങൾ നിലവിലുള്ളതായി നമുക്ക് കാണാം. പക്ഷെ, സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയെപ്പറ്റിയുള്ള അജ്ഞതയാൽ, എന്തുകൊണ്ടാണ് ഇത് നിലനിൽക്കുന്നതെന്ന് മനുഷ്യന് മനസ്സിലാവുന്നില്ല. അതിനാൽ മനുഷ്യൻ ഇങ്ങനെയുള്ള വിഷമ ഘട്ടങ്ങളിൽ നിഷേധാത്മകമായ രീതിയിലാണ് പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള പ്രതികരണങ്ങളിലൂടെ സ്രഷ്ടാവിന്റെ പരീക്ഷയിൽ അവർ പരാജയപ്പെടുന്നതായിട്ടാണ് സ്രഷ്ടാവ് ദർശ്ശിക്കുന്നത്.

ജീവിത പ്രയാസങ്ങൾ വഴിയുള്ള മാനസിക സംഘർഷങ്ങൾ

ലോകത്തെല്ലായിടത്തുമുള്ള മനുഷ്യർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വളരെ പ്രധാപ്പെട്ട ഒരു പ്രശ്നംകൂടിയാണ്. ഈ പ്രശ്നം ഇല്ലാതാക്കിത്തീർക്കാൻ കഴിയുമെന്ന് അവകാശപ്പെട്ടുകൊണ്ട് പല പ്രസ്ഥാനങ്ങളും ഉടലെടുത്തിട്ടുണ്ട്. ഈ പ്രസ്ഥാനങ്ങളൊക്കെയും സംഘർഷങ്ങൾ ഇല്ലാതാക്കാൻ വേണ്ടിയുള്ള തങ്ങളുടെ പരിഹാര മാർഗ്ഗമായി, ചിന്തകൾക്ക് വിരാമമിടുകയെന്ന താത്കാലികമായ ഒരുതരം അബോധാവസ്ഥയാണ് ആവശ്യപ്പെടുന്നത്. ഇത് യഥാർത്ഥത്തിൽ പ്രശ്നത്തിനുള്ള ഒരു പരിഹാരമല്ല. ഈ പ്രശ്നത്തിനുള്ള യഥാർത്ഥ പരിഹാരം അതിനോടുള്ള ശരിയായ സമീപന രീതിയും അതിനെ ഒഴിവാക്കുന്നതിനോ അതിനോട് നിഷേധാത്മകമായ സമീപനം കൈകൊള്ളുന്നതിനോ പകരം അതിനെ വേണ്ടവിധം കൈകാര്യം ചെയ്യുകയും അങ്ങനെ ആ പരീക്ഷയിൽ വിജയിക്കലുമാണ്. ഈ ലോകത്ത് മനുഷ്യന് മനപ്രയാസങ്ങൾ നല്കുന്നത് അവയിൽ നിന്ന് യഥാർത്ഥ പാഠങ്ങൾ പഠിക്കാനാണ്. പ്രയാസകരമായ അനുഭവങ്ങളിലൂടെ മനുഷ്യനെ പഠിപ്പിക്കപ്പെടുന്ന പാഠം സ്വർഗ്ഗത്തെപ്പറ്റി ഓർക്കുകയെന്നതാണ്.

സൃഷ്ടിപദ്ധതിയുടെ വെളിച്ചത്തിൽ നിന്ന് മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളുടെയും അടിവേര്, മരണത്തിനുമുമ്പായി ഈ ലോകത്തുവെച്ചുതന്നെ സ്വർഗ്ഗീയമായ സുഖമാസ്വദിക്കണമെന്ന മനുഷ്യന്റെ മോഹമാണെന്ന് മനസ്സിലാക്കാം. എന്നാൽ സ്വഭാവികമായ നീതിപ്രകാരം നോക്കുകയാണെങ്കിൽത്തന്നെ അത് ഈ ലോകത്ത് അസംഭവ്യമാണ്. സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി പ്രകാരം മനുഷ്യൻ മരണശേഷം അവന് സ്വർഗ്ഗമുണ്ട് എന്ന ഉറപ്പോടുകൂടി ഈ ലോകത്ത് എല്ലാം തൃപ്തിപ്പെട്ടുള്ള ജീവിതം നയിക്കണം. അതിനാൽ ഒരു മനുഷ്യൻ യഥാർത്ഥത്തിൽ ചെയ്യേണ്ടത് സൃഷ്ടിപ്പിലെ നിയമങ്ങൾ അംഗീകരിക്കുകയും അതനുസരിച്ച് സ്വന്തം ജീവിതം ചിട്ടപ്പെടുത്തുകയുമാണ്. ഈ ലോകത്തെ അവന്റെ ലക്ഷ്യം സ്രഷ്ടാവിന്റെ കണ്ണിൽ തന്നെ സ്വീകരിക്കപ്പെട്ടവനാക്കിത്തീർക്കുയാണ്. അതുവഴി മരണാനന്തരം സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അവൻ അർഹനായിത്തീരും. ഒരു വിജയിയായ മനുഷ്യൻ താത്കാലികമായ ഈ ലോകത്തുനിന്ന് അനശ്വരമായ പരലോകത്തെ മനസ്സിലാക്കുകയാണ് ചെയ്യുന്നത്. ഈ ലോകത്തിലെ പരാജയങ്ങളിലൂടെ പരലോകത്തിലെ അനശ്വരമായ വിജയത്തെ ലക്ഷ്യമാക്കുന്നവനാണ് അവൻ.

# ഏറ്റവും പ്രധാന പ്രശ്നം

**ഒ**രു സംഘം ആളുകളോട്, ഇപ്പോൾ മനുഷ്യരാശി അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം എന്താണെന്ന് ചോദിച്ചാൽ പലർക്കും പല വിധത്തിലുള്ള മറുപടിയായിരിക്കും ഉണ്ടാവുക. ചിലർ പറയും, അണുവായുധങ്ങൾ വ്യാപകമായതാണ് ഏറ്റവും വലിയ പ്രശ്നമെന്ന്. ചിലർ പറയും, ജനസംഖ്യാ നിരക്ക് സ്ഫോടനാത്മകമായതാണ് പ്രധാന പ്രശ്നമെന്ന്. അതേ സമയം മറ്റുചിലർ പറയും, സമ്പത്തിന്റെ ഉത്പാദനവും വിതരണവുമാണ് ഏറ്റവും പ്രധാന പ്രശ്നമെന്ന്.

ഇങ്ങനെയുള്ള വ്യത്യസ്തമായ അഭിപ്രായങ്ങളിൽ നിന്ന് മനുഷ്യൻ തങ്ങളെപ്പറ്റി തിരിച്ചറിയുന്നില്ലെന്നാണ് മനസ്സിലാകുന്നത്. മനുഷ്യൻ സ്വയം തിരിച്ചറിയുമായിരുന്നുവെങ്കിൽ, തങ്ങളുടെ നിലനിൽപ്പിന്റെ യാഥാർഥ്യത്തെക്കുറിച്ച് തങ്ങളുടെ അവഗണനയാണ് ഏറ്റവും വലിയ പ്രശ്നമെന്ന് എല്ലാവരും സമ്മതിക്കുമായിരുന്നു.

മനുഷ്യൻ ഒരിക്കലും രക്ഷപ്പെടാൻ പറ്റാത്ത മരണത്തെക്കുറിച്ചും അതിനുശേഷമുള്ള അവന്റെ സ്രഷ്ടാവിന്റെ മുന്നിലുള്ള കണക്കുചോദ്യത്തെക്കുറിച്ചും അവഗണിക്കുന്ന കാര്യത്തിൽ നിർബ്ബന്ധബുദ്ധി കാണിക്കുകയാണ്. അവന്റെ നിലനില്പിന്റെ യാഥാർഥ്യത്തെക്കുറിച്ച് അവൻ ബോധവാനായിരുന്നുവെങ്കിൽ ഈ ലോകജീവിതത്തെക്കാൾ കൂടുതലായി മരണാനന്തര ജീവിതത്തെക്കുറിച്ചായിരിക്കും അവൻ ശ്രദ്ധിക്കുക.

വൈകുന്നേരം ഒരു പട്ടണത്തിലെ റോഡിനരികിൽ നിങ്ങൾ

നിൽക്കുകയാണെങ്കിൽ, ഇക്കാലത്തെ മനുഷ്യർ എന്താണ് പ്രധാന പ്രശ്നമായി ഏറ്റെടുത്തിരിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

എല്ലാ തെരുവുകളിലൂടെയും ട്രാഫിക്കിന്റെ അറ്റമില്ലാത്ത ഒഴുക്കാണെന്ന് തോന്നുന്നത് എന്തുകൊണ്ട്?

എന്തുകൊണ്ടാണ് കച്ചവടക്കാരൻ തന്റെ കച്ചവടസ്ഥാപനം അലങ്കരിക്കുന്നത്?

എവിടെ നിന്നാണ് ഈ ആൾക്കൂട്ടങ്ങൾ വരികയും പോവുകയും ചെയ്യുന്നത്?

മനുഷ്യരുടെ പ്രധാന സംസാര വിഷയം എന്താണ്?

അവർ പരസ്പരം കണ്ടുമുട്ടുന്നത് എന്തിനുവേണ്ടിയാണ്?

അവരെ ഏറ്റവും കൂടുതൽ താത്പര്യമുള്ളവരാക്കുന്നത് എന്താണ്?

അവരുടെ ഏറ്റവും വലിയ കഴിവുകളും സാമ്പത്തിക ശേഷിയുമെല്ലാം എന്തിനുവേണ്ടിയാണ് ചെലവഴിക്കുന്നത്?

അവരുടെ വീടുകളിൽ നിന്ന് അവർ എന്തുമായിട്ടാണ് പുറത്തുപോകുന്നത്?

അവരുടെ വീടുകളിലേക്ക് എന്തുകൊണ്ടുവരാനാണ് അവർ ഉദ്ദേശിക്കുന്നത്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാൻ നിങ്ങൾ പരിശ്രമിക്കുകയാണെങ്കിൽ ഇപ്പോൾ മാനവ രാശി തങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനമായി എന്തിനെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും എന്തുലഭിക്കുവാൻ വേണ്ടിയാണ് അവർ കിണഞ്ഞുപരിശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും നമുക്ക് മനസ്സിലാക്കാം.

ഇക്കാലത്തെ മനുഷ്യർ തങ്ങളുടെ വ്യക്തിപരമായ ആഗ്രഹപൂർത്തീകരണങ്ങളിലൂടെയുള്ള സംതൃപ്തിക്കുപിന്നാലെയാണ് ഓടിക്കൊണ്ടിരിക്കുന്നതെന്നത് ഒരു നഗ്ന സത്യമാണ്. മരണാനന്തര ജീവിതത്തിൽ വിജയിക്കാൻ വേണ്ടിയുള്ള ശ്രമത്തെക്കാളേറെ ഈ ലോകത്തുള്ളത് ലഭിക്കാൻ വേണ്ടിയാണ് അവർ അത്യാഗ്രഹം പ്രകടിപ്പിക്കുന്നത്. അവരുടെ സന്തോഷം ഈ ലോകത്തിലെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിലാണ്. അതിലെന്തെങ്കിലും കുറ

വുണ്ടായാൽ അത് ലഭിക്കാത്തതിന്റെ പേരിലാണ് അവർ ദുഃഖിക്കുന്നത്.

ദൈനംദിന ജീവിതത്തിലെ വിജയത്തിന്റെ നിദാനമായി അവർ കാണുന്നത് ആവശ്യമുള്ള വസ്തുക്കൾ നേടുന്നതിലും ഒഴിവുസമയങ്ങളിൽ ആസ്വാദനം കണ്ടെത്തുന്നതിലും ജനങ്ങൾക്കിടയിൽ സമ്മതനായിത്തീരുന്നതിലുമാണ്. അങ്ങനെയുള്ള കാര്യങ്ങൾ ലഭിക്കുന്നതിലുള്ള കുറവ് അവർ പരാജയമായും കണക്കാക്കുന്നു. മനുഷ്യരാശി മുഴുവൻ ഇതിനാണ് മത്സരിച്ചോടിക്കൊണ്ടിരിക്കുന്നത്. നാളെയെപ്പറ്റി ആരും ശ്രദ്ധിക്കുന്നേയില്ല. ഇന്ന് ഈ നിമിഷത്തിൽത്തന്നെ ഇതെല്ലാം നേടിയെടുക്കണമെന്ന ഭ്രാന്തമായ ആവേശത്തോടെയാണ് എല്ലാവരും കഴിഞ്ഞുകൂടുന്നത്.

ഈ അവസ്ഥ വലിയ നഗരങ്ങളിൽ മാത്രമല്ല കണ്ടുകൊണ്ടിരിക്കുന്നത്. വളരെ കുറച്ച് ജനങ്ങൾ താമസിക്കുന്ന കുടികിടപ്പുകളിൽപ്പോലും ഇതുതന്നെയാണവസ്ഥ. ആരെങ്കിലും ഒരാൾ ഇതിന്റെ പിന്നാലെ പോവുകയാണെങ്കിൽ എല്ലാവരും അപ്രകാരം ചെയ്യുന്നു. സ്ത്രീയും പുരുഷനും പണക്കാരനും പാവപ്പെട്ടവനും പ്രായം കൂടിയവരും യുവാക്കളും പട്ടണത്തിൽ താമസിക്കുന്നവരും ഗ്രാമത്തിൽ താമസിക്കുന്നവരും മതപരമായ രീതിയിൽ താമസിക്കുന്നവരും അല്ലാത്തവരും ഒരേ വഴിയിലൂടെ ഭൗതികതയുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുകയാണ്.

മനുഷ്യൻ തന്റെ വിശ്വാസത്തെയും മനസ്സാക്ഷിയെയുമൊക്കെ ഭൗതികമായ നേട്ടങ്ങൾക്കുവേണ്ടി ബലിയർപ്പിക്കുവാൻ തയ്യാറാകുന്നു. അവൻ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മാത്രം പൊരുതുന്നു. എന്നാൽ അതിന്റെ പരിണിതഫലം എന്താണെന്ന് അവൻ ഒരിക്കലും ചിന്തിക്കുന്നില്ല. ഈ വഴിയിലൂടെയുള്ള എല്ലാ നേട്ടങ്ങളും താത്കാലികവും വില കുറഞ്ഞതും പരലോകത്ത് ഒരു നേട്ടവുമില്ലാത്തതുമാകുന്നു. പരലോകത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് ലൗകികമായ സ്ഥാനങ്ങളും സമ്പത്തുമെല്ലാം നേടിയെടുക്കുന്നവർ വാർദ്ധക്യ കാലത്തേക്കുവേണ്ടി ഒന്നും സമ്പാദിച്ചുവെക്കാത്ത യുവാവിനെപ്പോലെയാണ്. പ്രായമേറെ ചെല്ലുമ്പോൾ അവന്റെ അവയവങ്ങളെ അവൻ ഉദ്ദേശിച്ചതുപോലെ പ്രവർത്തിപ്പിക്കാൻ കഴിയില്ല. ഒരു പ്രയത്നവും അവന് ചെയ്യാൻ കഴിയില്ല. അപ്പോഴാണ് അവൻ തന്റെ ദുരവസ്ഥ മനസ്സിലാക്കുക. അവന്റെ ഒരു കാര്യത്തിനും അവന് കെല്പില്ലാതെ വരും. ഇതുപോലെയാണ് നമ്മുടെ മരണാ

നന്തരം പരലോകത്തിനുവേണ്ടി ജീവിത കാലത്ത് ഒന്നും ഒരുക്കി വെക്കാത്തവനും അനുഭവപ്പെടുക.

നാമെല്ലാം ഈ ലോകത്തിലെ ആവശ്യത്തിനുവേണ്ടി സമ്പാദിച്ചുവെക്കാനുള്ള തിരക്കിലാണ്. നാളേക്കുവേണ്ടിയുള്ള ചിന്ത ആർക്കുമില്ല. നമ്മുടെ ചുറ്റുമുള്ള ആളുകൾ മരിച്ചുപോകുന്നത് കാണുന്നുണ്ടെങ്കിലും നാം അത്യാവശ്യമായ പരലോകത്തേക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേക്ക് തിരിയുന്നില്ല. യുദ്ധകാലത്ത് നമുക്കുമുകളിൽ ആകാശത്തുനിന്ന് സൈറൺ മുഴങ്ങുകയും, "ശത്രുക്കളുടെ ബോംബർ വിമാനങ്ങൾ നമ്മുടെ ഈ നഗരത്തെ ബോംബിട്ടുതകർക്കാൻ വന്നുകൊണ്ടിരിക്കുന്നു; ഉടൻ എല്ലാവരും രക്ഷാ കേന്ദ്രങ്ങളായ ഷെൽട്ടറുകളിലേക്ക് പ്രവേശിച്ചുകൊള്ളുക" എന്നുള്ള മുന്നറിയിപ്പ് കേൾക്കുകയും ചെയ്യുകയാണെങ്കിൽ പെട്ടെന്നുതന്നെ ഷെൽട്ടറുകളിലേക്ക് ഏറ്റവുമെളുപ്പമെത്തുന്ന വഴിയിലൂടെ നമ്മളെല്ലാവരും കുതിച്ചുപായും. ഏറ്റവും തിരക്കുപിടിച്ച പട്ടണം പെട്ടെന്നുതന്നെ ഒരൊറ്റ മനുഷ്യനുമില്ലാത്ത വിജനമായ മരുഭൂമി പോലെയായിത്തീരും. ഈ മുന്നറിയിപ്പ് കേട്ടിട്ടും യാതൊരു മുൻകരുതലുമെടുക്കാതെ നിൽക്കുന്നവരെ ഭ്രാന്തന്മാരായിട്ടാണ് എല്ലാവരും കരുതുക.

ഇതിനെക്കാളും എത്രയോ വലുതും ഭയാനകമായതും ഒഴിച്ചുകൂടാനാവാത്തതുമായ വലിയൊരപകടം വരാൻ പോകുന്നുണ്ട്. ഈ പ്രപഞ്ചങ്ങളുടെ നാഥൻ അതിനെപ്പറ്റിയുള്ള മുന്നറിയിപ്പ് നമുക്ക് നല്കിയിട്ടുണ്ട്. അതിനെപ്പറ്റി നാം രണ്ടാമതൊന്ന് ചിന്തിച്ചിട്ടുപോലുമില്ല. എന്താണാ മുന്നറിയിപ്പ്?

പ്രപഞ്ചങ്ങളുടെ നാഥൻ അവന്റെ ദൂതന്മാരിലൂടെ ആ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്: "എന്റെ കല്പനയനുസരിച്ച് എന്നെ ആരാധിക്കുക. പരസ്പരമുള്ള കടമകൾ നിറവേറ്റുക. ഞാൻ എങ്ങനെ നിങ്ങളോട് ജീവിക്കാൻ നിർദ്ദേശിച്ചുവോ അതുപോലെ ജീവിക്കുക. അത് അനുസരിക്കാത്തവരെ നിങ്ങൾക്ക് ഊഹിക്കാൻ പോലും കഴിയാത്ത നിലയിൽ ഞാൻ കഠിനമായി ശിക്ഷിക്കുന്നതാണ്."

എല്ലാ ചെവികളും ഇത് കേട്ടിട്ടുണ്ടെങ്കിലും എല്ലാ നാവുകളും ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് ഇത് കേട്ടതായി സമ്മതിച്ചിട്ടുണ്ടെങ്കിലും അതിന് വേണ്ട പരിഗണന കൊടുക്കാതെ തള്ളിക്കളയുകയാണ് പൊതുവായി ചെയ്തുകൊണ്ടിരിക്കുന്നത്. താത്കാലികമായ ഭൗതിക സൗകര്യങ്ങൾ ലഭിക്കാൻ വേണ്ടി മനുഷ്യൻ ഭയാ

നകമായ വിപത്തുകളെ അവഗണിച്ചുകൊണ്ടിരിക്കുന്നു.

പരലോക ജീവിതത്തിന് ഗുണകരമായ ഒരു മുന്നറിയിപ്പ് ലഭിച്ചാൽ ആരും അതിലേക്ക് ശ്രദ്ധകൊടുക്കുകയോ അതനുസരിച്ചുകൊണ്ടുള്ള പ്രവർത്തികൾ ചെയ്യുകയോ ഇല്ല. ഇപ്രകാരം ജീവിതത്തിന്റെ യാത്രാ സംഘം അശ്രദ്ധമായ നിലയിൽ ഒരിക്കലും തിരിച്ചുവരാൻ കഴിയാത്തിടത്തേക്ക് പോയിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ സൈനിക ആസ്ഥാനത്തുനിന്നുള്ള സൈറൺ മുഴങ്ങിക്കേൾക്കുന്നുണ്ട്. പക്ഷെ, പ്രപഞ്ച നാഥനിൽ നിന്ന് മാനവരാശിക്കായുള്ള അതിഭയങ്കരമായ ആ അപകട സൂചനക്ക് മനുഷ്യർ യൊതൊരു പ്രാധാന്യവും നല്കുന്നില്ല. ആ ശബ്ദം കേട്ടിട്ടും യാതൊരു ധൃതിയുമില്ലാതെ ആരും തങ്ങളുടെ അവസ്ഥക്ക് യാതൊരു മാറ്റവും വരുത്താതെ നിലകൊള്ളുന്നു.

ഈ ദുഃഖകരമായ അവസ്ഥക്ക് കാരണമെന്താണ്?

സൈനിക ആസ്ഥാനത്തുനിന്നുള്ള സൈറൺ പ്രകാരമുള്ള അപകട സൂചന ഈ ലോകത്തിലുള്ളതിനെ സംബന്ധിച്ചുള്ളതായതുകൊണ്ടും അത് നമുക്ക് കാണാൻ കഴിയുന്നതുകൊണ്ടും നാം ഗൗരവത്തിലെടുക്കുന്നു. അതുകൊണ്ട് എല്ലാവരും അതുൾക്കൊള്ളുകയും അതിന്റെ പരിണിതഫലം വളരെ പെട്ടെന്ന് അനുഭവപ്പെടുമെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ സ്രഷ്ടാവിന്റെ ഭാഗത്തുനിന്നുള്ള മുന്നറിയിപ്പുപ്രകാരമുള്ള കാര്യങ്ങൾ മരണാന്തരം മാത്രമെ അനുഭവപ്പെടുകയുള്ളു. നമുക്കിടയിൽ മരണമെന്ന മതിൽ തടസ്സമായി നിൽക്കുന്നു. അതുകൊണ്ട് നമ്മുടെ കണ്ണുകൾക്ക് അത് കാണാനും തിരിച്ചറിയാനും കഴിയുന്നില്ല. അതിനാൽ ഈ ലോകത്തുള്ള ആകാശത്തുനിന്ന് സൈറൺ മുഴക്കം കേൾക്കുമ്പോൾ ആളുകൾ വേഗം പ്രതികരിക്കുമെങ്കിലും സ്രഷ്ടാവിൽ നിന്നുള്ള അപകട സൂചന ശ്രദ്ധിക്കുന്നേയില്ല. ഉറപ്പായ നരക ശിക്ഷയെക്കുറിച്ചുള്ള വാർത്ത നമ്മെ സ്വാധീനിക്കുന്നേയില്ല. ഇപ്രകാരമായതുകൊണ്ട് അവർ തങ്ങളുടെ തെറ്റുകളെപ്പറ്റി ഖേദിക്കുകയോ നല്ല ജീവിതം നയിക്കുവാൻ തുടങ്ങുകയോ ചെയ്യുന്നില്ല.

സ്രഷ്ടാവ് നമുക്ക് പ്രത്യക്ഷമായ ലോകത്തെ കാണാനുള്ള രണ്ടുകണ്ണുകൾ മാത്രമല്ല നല്കിയത്. കാഴ്ചക്കപ്പുറത്തുള്ള യാഥാർഥ്യങ്ങളുടെ ഉൾക്കാഴ്ച കാണാനുള്ള ഒരു മൂന്നാം കണ്ണും നല്കിയിട്ടുണ്ട്. ഈ മൂന്നാം കണ്ണ് നമ്മുടെ ബുദ്ധിയാണ്. മനുഷ്യൻ തന്റെ ബുദ്ധി ഉപയോഗിക്കാത്തതുകൊണ്ട് ഒരു സംശയ

ത്തിന്റെ അവസ്ഥയിൽ നിലകൊള്ളുന്നു. ആളുകൾ കണ്ണുകൾ കൊണ്ട് കാണുന്ന യാഥാർത്ഥ്യങ്ങളെ കണക്കിലെടുക്കുമ്പോൾ അവർ ആ വസ്തുക്കളെപ്പറ്റി ചിന്തിക്കുമായിരുന്നുവെങ്കിൽ കാണുന്നതിനെക്കാളും കാണാത്തതിനെപ്പറ്റി അവർക്ക് ഉറപ്പുണ്ടാകുമായിരുന്നു.

എല്ലാവരും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യം എന്താണ്?

മരണം എന്നായിരിക്കും എല്ലാവരും അഭിപ്രായ ഐക്യത്തോടെ പറയുന്ന ഉത്തരം. മരണം ഓരോരുത്തർക്കും സ്വന്തത്തോടുതന്നെ സമ്മതിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. ഏതൊരു നിമിഷത്തിലും നമ്മുടെ ജീവിതത്തെ മറികടന്ന് മരണം കടന്നുവന്നേക്കാമെന്ന് ഏവർക്കുമറിയാം. എന്നാൽ മരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എല്ലാവരും, മരണത്തിനുശേഷം മക്കൾക്ക് എന്തു സംഭവിക്കുമെന്നതുപോലെയുള്ള കുടുംബപരമായ ചിന്തയിലാണുണ്ടാവുക. യഥാർത്ഥത്തിൽ ജീവിതത്തിന്റെ വലിയൊരു ഭാഗം അവർ തങ്ങളുടെ മക്കളുടെ ഭാവിക്കുവേണ്ടിയാണ് ചെലവഴിച്ചത്. പക്ഷെ, സ്വന്തം ജീവിതം സുരക്ഷിതമാക്കിത്തീർക്കാൻ അവർ പരിശ്രമിച്ചിട്ടില്ല. അവരുടെ ഈ മനോഭാവത്തിൽ നിന്ന് മക്കൾ നിലനിന്നുപോകണം, സ്വന്തം കാര്യം ഒരു പ്രശ്നമല്ല, അതിനുവേണ്ടി ഒന്നും തയ്യാറാക്കാനുമില്ല എന്ന ചിന്തയിലാണവർ എന്ന് മനസ്സിലാക്കാം. മരണത്തിനുശേഷം ഒരു ജീവിതമുണ്ടെന്നതിനെക്കുറിച്ച് അവർ പൂർണ്ണമായ വിസ്മൃതിയിലാണ്. പക്ഷെ, മരണത്തിനുശേഷം തുടങ്ങുന്ന ജീവിതമാണ് യഥാർത്ഥ ജീവിതമെന്നതാണ് യാഥാർത്ഥ്യം. അവർ ഖബറടക്കപ്പെടുന്നതോടുകൂടി അവർ മറ്റൊരു ലോകത്തേക്ക് ആനയിക്കപ്പെടുകയാണെന്ന് അവർ അറിയുമായിരുന്നുവെങ്കിൽ തങ്ങളുടെ മക്കളെപ്പറ്റി ചിന്തിക്കുന്നതിനെക്കാൾ കൂടുതലായി അവർ തങ്ങളുടെ സ്വന്തം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമായിരുന്നു. ആത്മീയമായി ചിന്തിക്കുന്നവരും അതിനെതിരായി ചിന്തിക്കുന്നവരുമൊന്നും മരണാനന്തര ജീവിതത്തെപ്പറ്റി പരിപൂർണ്ണമായി ബോധ്യപ്പെട്ടവരല്ല എന്നതാണതിനുകാരണം.

രണ്ടുകാരണങ്ങളാൽ മരണാനന്തര ജീവിതത്തെക്കുറിച്ച് സംശയമുണ്ടാകും. ഒന്നാമതായ്, മരണത്തിനുശേഷം എല്ലാ മനുഷ്യരും മണ്ണായിപ്പോവുകയും അവരുടെ നിലനിൽപ്പിന്റെ എല്ലാ അടയാളങ്ങളും മായിക്കപ്പെടുകയും ചെയ്യുന്നു. പിന്നെ എങ്ങിനെയാണ് അവർ വീണ്ടും ജീവിക്കുന്നതെന്ന സംശയം.

രണ്ടാമതായ്, മരണത്തിനുശേഷമുള്ള ജീവിതം കാണുന്നതല്ല. എന്നാൽ ഈ ലോകത്തെ ജീവിതം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. ആരും യഥാർത്ഥത്തിൽ കാണുന്നില്ലെങ്കിൽ പിന്നെയെങ്ങനെ നാം പരലോക ജീവിതത്തിൽ ഉറപ്പോടെ വിശ്വസിക്കുമെന്ന സംശയം. ഈ രണ്ടുസംശയങ്ങളെപ്പറ്റിയും നമുക്കൊന്ന് വിലയിരുത്തിനോക്കാം.

# മരണാനന്തര ജീവിതം

**ഞാൻ** മരിച്ചുകഴിഞ്ഞാൽ വീണ്ടും ഉയിർത്തെഴുന്നേൽക്കുമോ..?

മരണാനന്തര ജീവിതത്തിലെ യാഥാർഥ്യത്തെക്കുറിച്ച് അഗാധമായ ബോധ്യമില്ലാത്തവർ പോലും സ്വയം ചോദിക്കുന്ന ഒരു ചോദ്യമാണിത്. സത്യമിതാണെങ്കിലും കുറച്ചാളുകൾ ഈ ലോകത്തുനിന്നുകൊണ്ടുതന്നെ മരണത്തിന് ശേഷമുള്ള ജീവിതത്തെപ്പറ്റിയുള്ള ചോദ്യത്തിലേക്ക് ശ്രദ്ധിക്കുന്നുണ്ട്. തീർച്ചയായും ഇത് ബോധ തലത്തിലോ അബോധ തലത്തിലോ അതിന്റെ നിലനിൽപ്പിനെപ്പറ്റിയുള്ള ഒരു സംശയത്തിന്റെ സൂചനയാണ്. എന്തൊക്കെയായിരുന്നാലും മരണാനന്തര ജീവിതത്തെക്കുറിച്ച് നാം ഗൗരവത്തോടെ ചിന്തിക്കുകയാണെങ്കിൽ അത് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. നമ്മെ പരീക്ഷിക്കാനുദ്ദേശിക്കുന്നതിനാൽ സ്രഷ്ടാവ് മരണാനന്തര ജീവിതത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. പക്ഷെ, അതിന്റെ അടയാളങ്ങൾ അവന്റെ പ്രപഞ്ചത്തിൽ മുഴുവനും കാണാനും ചിന്തിക്കാനും വേണ്ടി പരത്തിയിട്ടുണ്ട്. അത് സ്രഷ്ടാവിനെ ശരിയായ നിലയിൽ തിരിച്ചറിയാനും നമുക്ക് ചുറ്റുമുള്ള വസ്തുക്കളുടെ സത്ത തിരിച്ചറിയുന്നതിലേക്കും നമ്മെ കൊണ്ടെത്തിക്കും. സത്യത്തിൽ പരലോകത്തെ പ്രതിബിംബിച്ചുകാണുന്ന ഒരു കണ്ണാടിയാണ് ഈ ലോകം. അതെങ്ങനെയെന്ന് നമുക്ക് ചിന്തിച്ചുമനസ്സിലാക്കാം.

മനുഷ്യർ ഇപ്പോഴുള്ള രൂപത്തിലല്ല ആദ്യമുണ്ടായിരുന്നതെന്ന് എല്ലാവർക്കും അറിവുള്ളതാണ്. ഒരു രൂപവുമില്ലാത്ത വസ്തുവിൽ നിന്നാണ് മനുഷ്യൻ ഉണ്ടായിത്തുടങ്ങിയത്. പിന്നീട് മാതാവിന്റെ

ഗർഭ പാത്രത്തിൽ നിന്ന് അതിന് ഒരു മനുഷ്യന്റെ രൂപമുണ്ടാവുകയും അത് വളർന്നുതുടങ്ങുകയും ചെയ്തു. പുറംലോകത്തുവെച്ച് അവൻ ഒരു പൂർണ്ണ രൂപത്തിലുള്ള മനുഷ്യനായിത്തീരുന്നതുവരെ അത് തുടർന്നു.

കാണപ്പെടാത്തതും വില കല്പിക്കപ്പെടാത്തതുമായ ഒരു വസ്തു പരിണാമത്തിലൂടെ ആറടി വലിപ്പമുള്ള ഒരു മനുഷ്യനായിത്തീരുകയെന്നത് ഒരു സാധാരണ സംഭവമാണ്. എങ്കിൽ പ്പിന്നെ നമ്മുടെ ശരീരം ഭൂമിയിൽ ലയിച്ചുചേർന്ന് ചെറു കണികകളായി മാറിക്കഴിഞ്ഞാൽ അതിൽ നിന്ന് വീണ്ടും മനുഷ്യ രൂപം കൈകൊള്ളാൻ കഴിയുന്നതിൽ എന്തത്ഭുതമാണുള്ളത്?

ദ്രവ്യങ്ങളുടെ ലോകത്തുപോലും ജീവിതം ആവർത്തിക്കപ്പെടാൻ സാധ്യതയുണ്ട് എന്നതിന്റെ സൂചനകളുണ്ട്. എല്ലാ കൊല്ലവും മഴക്കാലത്ത് ചെടികൾ മുളച്ച് വളർന്നുവലുതായ് എല്ലായിടവും പച്ച പിടിക്കുന്നു. വേനൽക്കാലമായാൽ അവയുടെ മരണം വിധിക്കപ്പെടുകയും ഭൂമി വരണ്ടുണങ്ങിപ്പോവുകയും ചെയ്യുന്നു. ചെടികൾ പൂത്തുലഞ്ഞുനിന്ന സ്ഥലങ്ങളിൽ ഉണങ്ങിപ്പോയ മൈതാനം മാത്രം കാണുന്നു. ഇങ്ങനെ പരിപൂർണ്ണമായി നിലനിന്നിരുന്ന ജീവിതം അവസാനിച്ചുപോകുന്നു. പിന്നീട് മഴ വരികയും ആകാശത്തുനിന്ന് വെള്ളം ഒഴിക്കപ്പെടുകയും ചെയ്യുമ്പോൾ അതേ സസ്യലതാദികൾ വളരുകയും ഉണങ്ങിവരണ്ടിരുന്ന ഭൂമി ഒരിക്കൽക്കൂടെ പച്ചപ്പുൽമേടായിത്തീരുകയും ചെയ്യുന്നു. ഇതേപോലെ മനുഷ്യൻ മരണത്തിനുശേഷം വീണ്ടും ജീവിതത്തിലേക്ക് തിരിച്ചുവരുന്നു.

മറ്റൊരു കോണിലൂടെ നമുക്കിതിനെ നോക്കിക്കാണാം. മരണത്തിനുശേഷമുള്ള ജീവിതത്തെക്കുറിച്ച് നമുക്ക് സംശയം വരുന്നത് നമ്മുടെ ഭാവന ഇപ്പോഴും ശാരീരികമായ നിലനിൽപ്പിന്റെ അടിസ്ഥാനത്തിലായതുകൊണ്ടാണ്. പുറമേക്ക് കാണുന്ന ചലനാത്മകമായ ഈ രൂപത്തെക്കുറിച്ചാണ് നാം ആലോചിക്കുന്നത്. മരണത്തിനുശേഷം അതിന്റെ ചലനം അവസാനിക്കുകയും അതിനുള്ളിലുള്ള എല്ലാ പ്രവർത്തനങ്ങളും നിലക്കുകയും ചെയ്യുമ്പോൾ ജീവനുണ്ടായിരുന്നത് നിശബ്ദമായിത്തീരുകയും അതിന്റെ ചലനശേഷി ഇല്ലാതായിത്തീരുകയും അതിനെ ഭൂമിയിൽ കുഴിച്ചുമൂടുകയോ ചില മതങ്ങളിലെ ആചാരപ്രകാരം ചുട്ടുകരിച്ച് ചാരമാക്കുകയോ ചെയ്യുന്നു. അങ്ങനെയത് പൊടിപോലെയായ് മണ്ണിൽ ലയിച്ചുചേരുന്നു. പിന്നെയത് സാധാരണ കണ്ണുകൊണ്ട് കാണാൻ പറ്റാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു. നാം നിത്യജീവിതത്തിൽ

കണ്ടുവരുന്നതാണിത്. എല്ലാ രൂപവും നഷ്ടപ്പെട്ടുപോയ ഇങ്ങനെയുള്ള ഒരവസ്ഥയിൽ നിന്ന് വീണ്ടും ആദ്യത്തേതുപോലെ ഉണ്ടായിത്തീരുകയെന്നത് നമുക്ക് വിശ്വസിക്കാനാവുന്നില്ല.

മനുഷ്യൻ എന്ന പേര് പറയപ്പെടുന്നത് ശരീരത്തിനല്ല. ശരീരത്തിനുള്ളിലെ ആത്മാവിനാണ്. ജീവനുള്ള അനേകം സെല്ലുകൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ് ശരീരം. ശരീരത്തിൽ സെല്ലുകൾക്കുള്ള സ്ഥാനം കെട്ടിടത്തിൽ ഇഷ്ടികക്കുള്ള സ്ഥാനം പോലെയാണ്. നമ്മുടെ ശരീരത്തിലെ സെല്ലുകൾ ഓരോ ദിവസവും നശിച്ചുകൊണ്ടിരിക്കുന്നുണ്ട്. നാം ഭക്ഷണം കഴിക്കുന്നതുവഴി നശിച്ചുകൊണ്ടിരിക്കുന്നവക്ക് പകരം പുതിയ സെല്ലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷണം ദഹിക്കുമ്പോൾ അതിൽ നിന്ന്, നമ്മുടെ ശാരീരികമായുണ്ടാവുന്ന കുറവുകൾ നികത്താൻ തക്കതായ പല തരത്തിലുള്ള സെല്ലുകൾ ഉല്പാദിപ്പിക്കപ്പെടുന്നു. ഇപ്രകാരം മനുഷ്യ ശരീരം നിരന്തരമായി നശിച്ചുകൊണ്ടിരിക്കുകയും അതോടൊപ്പം ആ നാശം മറ്റൊരു തരത്തിൽ നികത്തപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. പഴയ സെല്ലുകൾ നശിക്കുകയും പുതിയവ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയ നിത്യവും നടന്നുകൊണ്ടിരിക്കുന്നതിനാൽ പത്തുവർഷം കൊണ്ട് ശരീരത്തിന്റെ പുതുതായുള്ള നിർമ്മാണം പൂർണ്ണമായിത്തീരുന്നു. അങ്ങനെ നോക്കുമ്പോൾ പത്തുവർഷങ്ങൾക്കുമുമ്പ് നിങ്ങളുടെ ശരീരത്തിലുണ്ടായിരുന്ന യാതൊന്നും ഇപ്പോൾ നിലവിലില്ല. ഇപ്പോഴുള്ള നിങ്ങളുടെ ശരീരം തികച്ചും പുതിയതാണ്. നിങ്ങളുടെ ശരീരത്തിൽ നിന്ന് വേർപ്പെടുത്തപ്പെട്ട എല്ലാ ഭാഗങ്ങളും കൂട്ടിയോജിപ്പിക്കാൻ കഴിഞ്ഞാൽ അതുകൊണ്ട് നിങ്ങളെപ്പോലുള്ള ഒരു മനുഷ്യനെ ഉണ്ടാക്കാൻ കഴിയും. അപ്പോൾ നിങ്ങൾക്ക് നൂറുവയസ്സായാൽ നിങ്ങളെപ്പോലുള്ള പത്തുശരീരങ്ങൾ ഉണ്ടാക്കാൻ കഴിയും. പക്ഷെ, അവ വെറും നിർജ്ജീവമായ രൂപങ്ങളല്ലാതെ അതിനുള്ളിൽ നിങ്ങൾക്ക് നിലനിൽക്കാനാവില്ല. നിങ്ങൾ ആ പഴയ ശരീരങ്ങളിൽ നിന്ന് പുതിയ ഒരു രൂപമായി മാറുകയാണ് ചെയ്തത്. അങ്ങനെ നിർമ്മാണത്തിന്റെയും നശീകരണത്തിന്റെയും പ്രക്രിയ പ്രത്യക്ഷത്തിൽ ഒരു മാറ്റവും നടക്കാത്ത രീതിയിൽ നിങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

പത്തുവർഷങ്ങൾക്കുമുമ്പ് നിങ്ങൾ മറ്റൊരാളുമായി ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ നിങ്ങൾ ഈ അവസ്ഥയിൽത്തന്നെയാണ് ആ കരാറിൽ ഏർപ്പെട്ടത്. അത് തുടരുകയാണെന്നും നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽപ്പോലും നിങ്ങളുടെ കരാ

റിനുശേഷമുള്ള ശരീരത്തിലുള്ള എല്ലാമെല്ലാം പൂർണ്ണമായി ഇല്ലാതായിത്തീരുകയാണ്. കരാർ ഒപ്പിട്ട കൈകളും അതുസമ്മതിച്ചു പറഞ്ഞ നാവുമൊന്നും ഇപ്പോഴുള്ള നിങ്ങളുടെ ശരീരത്തിൽ ഇല്ല. എങ്കിലും നിങ്ങൾ ഇപ്പോഴും നിലനിൽക്കുകയും പത്തുവർഷം മുമ്പുള്ള ആ കരാർ നിങ്ങളുടെതാണെന്നും അതുപ്രകാരം പ്രവർത്തിക്കാൻ തയ്യാറാണെന്നും നിങ്ങൾ സമ്മതിക്കുന്നു. നിങ്ങളുടെ ശരീരത്തിനുള്ള എണ്ണമറ്റ മാറ്റങ്ങളെ അതിജീവിച്ചുകൊണ്ട് നിങ്ങളുടെ ഉള്ളിലുള്ള മനുഷ്യൻ നിലനിൽക്കുന്നതിനാലാണ് അങ്ങനെ പറയുന്നതും.

മനുഷ്യന്റെ ശരീരം മാറുന്നതിനനുസരിച്ച് ആത്മാവിന് യാതൊരു മാറ്റവും സംഭവിക്കുന്നില്ല. ശരീരം പരിവർത്തന സ്വഭാവമുള്ളതും ആത്മാവ് അനശ്വര സ്വഭാവമുള്ളതുമാണ് എന്നുള്ളതിന് വ്യക്തമായ തെളിവാണിത്.

യാഥാർഥ്യമറിയാതെ ചിലയാളുകൾ ജീവിതമെന്നത് ദ്രവ്യത്തിന്റെ പല തരത്തിലുള്ള അംശങ്ങളുടെ ഒരുമിച്ചുകൂടലും മരണമെന്നത് അത് വിഘടിച്ചുപോകലുമാണെന്ന് പറയുന്നു. ഈ ആശയം ഒരു ഉറുദു കവി തന്റെ കവിതയിലൂടെ പ്രകടിപ്പിച്ചിട്ടുണ്ട്:

*എന്താണ് ജീവിതം?*

*വസ്തുക്കൾ ഒരു രൂപത്തിൽ ഒരുമിച്ചുകൂടലാണ്.*

*എന്താണ് മരണം?*

*വസ്തുക്കൾ വിഘടിച്ചുപോകലുമാണ്.*

ഈ പ്രസ്താവന വസ്തുതാപരമല്ല. മനുഷ്യ ശരീരത്തിലടങ്ങിയ വസ്തുക്കളെ അതേപോലെ ഒരുമിച്ചുകൂട്ടുന്നതിലൂടെ ഒരു മനുഷ്യനെ നിർമ്മിക്കാൻ കഴിയുകയില്ല. അങ്ങിനെ കഴിയുമായിരുന്നുവെങ്കിൽ വിദഗ്ധന്മാരായ ശാസ്ത്രജ്ഞന്മാർക്ക് അതിന് കഴിയുമായിരുന്നു.

മനുഷ്യ ശരീരത്തിലുള്ള വസ്തുക്കളെ വിഘടിപ്പിക്കുന്നതുകൊണ്ട് മാത്രമല്ല മരണമുണ്ടാകുന്നത്. അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ ഓരോ അവയവങ്ങളും മുറിഞ്ഞുമാറിപ്പോകുന്നതായിക്കാണാറില്ല. ശരീരം പൂർണ്ണമായ നിലയിൽ നിലനിൽക്കുമ്പോൾത്തന്നെ എല്ലാ പ്രായങ്ങളിലുള്ളവരും മരിച്ചുപോകാറുണ്ട്.

ചിലപ്പോൾ പൂർണ്ണാരോഗ്യവാന്മാരായ ആളുകൾ ഹൃദയസ്തംഭനം മൂലം മരണപ്പെടാറുണ്ട്. ഡോക്ടറുമാർക്ക് അതിന്റെ

കാരണം പൂർണ്ണമായ നിലയിൽ വ്യക്തമാക്കാൻ കഴിയാറില്ല.

ഒരു മൃതദേഹത്തെ വ്യക്തമായ നിലയിൽ അടുക്കും ചിട്ട യോടുംകൂടെയുള്ള പ്രത്യക്ഷ മനുഷ്യ രൂപമായി നാം കാണുന്നു. പക്ഷെ, അതിലുണ്ടായിരുന്ന ആത്മാവ് വേർപ്പെട്ടുപോയിട്ടുണ്ട്. മനുഷ്യ ശരീരത്തിലടങ്ങിയ എല്ലാ വസ്തുക്കളും ചിട്ടയോടെത്തന്നെ അടക്കം ചെയ്ത നിലയിൽ ഏതാനും നിമിഷങ്ങൾക്കുമുമ്പേ പ്രവർത്തിച്ചിരുന്നതാണ്. എന്നാൽ അതിപ്പോൾ ജീവനില്ലാത്തതായിത്തീർന്നു. വസ്തുക്കളെല്ലാം ചിട്ടയോടെ അടുക്കപ്പെട്ടതുകൊണ്ട് ജീവൻ ഉണ്ടായിത്തീരുകയില്ല. ജീവൻ ഇതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായ മറ്റൊന്നാണ്.

മനുഷ്യനെപ്പോലെ ഒരു രൂപമുണ്ടാക്കാൻ കഴിഞ്ഞാലും ജീവനുള്ള ഒരു മനുഷ്യനെ പരീക്ഷണശ്ശാലയിൽ ഉണ്ടാക്കാൻ സാധ്യമല്ല. മനുഷ്യ ശരീരം ഉണ്ടാക്കിയിട്ടുള്ളത് സാധാരണ വസ്തുക്കളുടെ കണികളുകൊണ്ടാണെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. അതിലടങ്ങിയിട്ടുള്ള കാർബ്ബൺ സാധാരണ കരിയിലുള്ള കാർബ്ബൺ തന്നെയാണ്. നൈട്രജൻ അന്തരീക്ഷ വായുവിലടങ്ങിയിരിക്കുന്ന നൈട്രജൻ തന്നെയാണ്. അതുപോലെത്തന്നെയാണ് മനുഷ്യ ശരീരത്തിലെ എല്ലാ വസ്തുക്കളും. അതുകൊണ്ട് മനുഷ്യനെ ചില സാധാരണ വസ്തുക്കളുടെ കണികൾ അസാധാരണമായ രീതിയിൽ അടുക്കിയുണ്ടാക്കാൻ കഴിയുമെന്ന് പറയാമോ? അല്ലെങ്കിൽ അത് അതിലപ്പുറം വല്ലതുമാണോ?

മനുഷ്യ ശരീരം ചില സാധാരണ വസ്തുക്കളുടെ കണികകൾ അടങ്ങിയതാണെങ്കിലും അവ അപ്രകാരം അടുക്കിവെച്ചാൽ മനുഷ്യനെ ഉണ്ടാക്കാൻ കഴിയില്ലെന്ന് ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ഈ വസ്തുക്കൾ ഒരുമിച്ചുകൂട്ടിയാൽ നമുക്ക് ജീവനുണ്ടാക്കാൻ കഴിയില്ല. മനുഷ്യന്റെ ശരീരം അങ്ങിനെയുള്ള ജീവനില്ലാത്ത കണികകൾ ഒരുമിച്ചുകൂട്ടിയാൽ ഉണ്ടാക്കാൻ കഴിയുകയില്ലയെന്ന് ഇതിനാൽ തെളിയുന്നു. അപ്പോൾ ഇത് കണികകളുടെയും ജീവന്റെയും ഒരു സങ്കലനമാണെന്ന് പറയാം. മരണ ശേഷം കണികകളുടെ സമാഹാരം കാണാൻ കഴിയുന്നു. ജീവൻ മറ്റൊരു ലോകത്തേക്ക് പിരിഞ്ഞുപോകുന്നു.

യഥാർത്ഥത്തിൽ ജീവൻ എന്നത് വിവരണാതീതമായ ഒന്നാണ്. ജീവൻ എന്നത് നശിച്ചുപോകാതെ എന്നെന്നും നിലനിൽക്കുന്ന ഒന്നാണെന്ന് പിടികിട്ടുമ്പോൾ മരണത്തിനുശേഷമുള്ള ജീവിതം എത്ര യുക്തിപരമായ കാര്യമാണെന്ന് നമുക്ക് മനസ്സിലാ

ക്കാം. ജീവിതം എന്നത് മരണത്തിനുമുമ്പ് കാണുന്നത് മാത്രമല്ല എന്നത് വസ്തുതകൾ നമ്മോട് ഉറക്കെ പറയുന്നു. അതുകൊണ്ട് മരണത്തിനുശേഷം ഒരു ജീവിതം ഉണ്ടായിരിക്കൽ നിർബ്ബന്ധമാണ്.

ഈ ലോകം മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിലുള്ളതാണെന്നും മനുഷ്യൻ അതിനെ അതിജീവിക്കാൻ കഴിവുള്ളവനാണെന്നും നമ്മുടെ ബുദ്ധി അംഗീകരിക്കുന്നു. നാം മരിക്കുമ്പോൾ നിത്യമായ വിസ്മൃതിയിലേക്ക് തള്ളപ്പെടുകയല്ല, ഈ ലോകത്തു നിന്ന് നാം നമ്മുടെ ജോലിയിൽ നിന്ന് വിരമിച്ച് മറ്റൊരു ലോകത്തിലേക്ക് പോവുകയാണ്.

ഇത് മനസ്സിലാക്കിക്കൊണ്ട് അധികമാളുകളും ഇപ്പോൾ സ്രഷ്ടാവിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്നു. അവർ ഇതിനെയൊന്നും നിഷേധിക്കുന്നില്ലെങ്കിലും അവരുടെ പ്രവർത്തനങ്ങൾ അവരുടെ വിശ്വാസവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിലാണ്.

പ്രായോഗികമായി എല്ലാവരും ഈ ലോകത്തിലെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്. ഇത് നമുക്കൊരു ഉദാഹരണത്തിന്റെ സഹായത്തോടെ മനസ്സിലാക്കാം. ഭൂമിയുടെ ആകർഷണ ശക്തി കുറയുകയും ഭൂമി സൂര്യനിലേക്ക് മണിക്കൂറിൽ 6000 മൈൽ വേഗത്തിൽ വലിച്ചടുപ്പിക്കുകയും ചെയ്താൽ എന്താണ് സംഭവിക്കുകയെന്ന് അറിയുമോ?

ലോകം മുഴുവൻ ഒരു സംഭ്രമജനകമായ അവസ്ഥ സംജാതമാകും. കാരണം, ഏതാനും ആഴ്ചകൾ കൊണ്ട് ഈ ഭൂമിയിൽ നിന്ന് ജീവൻ തന്നെ തുടച്ചുമാറ്റപ്പെടും.

എന്നാൽ ഈ ലോകം ഇതിനെക്കാൾ വലിയൊരാപത്ത് നേരിടാൻ പോവുകയാണെന്ന് ആരും മനസ്സിലാക്കുന്നില്ല. അത് അന്ത്യദിനത്തിൽ മനുഷ്യരോടെല്ലാം തങ്ങളുടെ പ്രവർത്തനങ്ങളുടെ കണക്കുകൾ ചോദിക്കപ്പെടുകയെന്ന വിപത്താണ്. ഈ ലോകത്തെ സൃഷ്ടിക്കാൻ തുടങ്ങിയപ്പോൾത്തന്നെ കണക്കാക്കപ്പെട്ട ഒരു ദിവസമാണത്. അതിലേക്ക് നാമെല്ലാം വളരെ വേഗത്തിൽ പിടിച്ചുവലിക്കപ്പെടുകയാണ്. ഒരു വിശ്വാസ പ്രമാണമെന്ന നിലക്ക് നാമെല്ലാം അതംഗീകരിക്കുന്നു. പക്ഷെ, അതിനെ ഗൗരവത്തിൽ കണക്കിലെടുക്കുന്നവർ ചുരുക്കം ചിലർ മാത്രമാണ്. അവരിൽ നിന്നുതന്നെ കുറച്ചുപേർ മാത്രമാണ് അതിനുവേണ്ടി ഗൗരവ പൂർവ്വം തയ്യാറെടുക്കുന്നത്.

# എങ്ങനെയാണ് നാം വിധിക്കപ്പെടുക?

**നാം** എങ്ങിനെ വിധിക്കപ്പെടും എന്നറിയാൻ നമ്മുടെ പ്രവർത്തനങ്ങൾ രണ്ടാലൊരു വിഭാഗത്തിൽ ഉൾപ്പെടുമെന്ന് മനസ്സിലാക്കണം. ഒന്നാമത്തെ വിഭാഗം സാന്മാർഗ്ഗികമായ കാര്യങ്ങളിൽ ഉൾക്കൊള്ളാത്തവയാണ്. അവ യാദൃച്ഛികമായി സംഭവിക്കുന്ന സംഭവങ്ങളാണ്. നന്മയെന്നോ തിന്മയെന്നോ തീരുമാനിക്കാത്തവയാണവ. അവ വ്യക്തമായ ഉദ്ദേശ്യത്തോടെ ചെയ്തവയല്ലാത്തതിനാൽ സാന്മാർഗ്ഗികമായ വീക്ഷണ കോണിലൂടെ അവയെ വിലയിരുത്താനാവില്ല.

രണ്ടാമത്തെ വിഭാഗം ഇതിൽ നിന്ന് തികച്ചും വിഭിന്നമായ നിലയിലുള്ളതും അതിലെ ശരിയും തെറ്റും വളരെ കണിശമായതും അത് ചെയ്യുന്നതിന് മുമ്പുണ്ടായിരുന്ന അതിന്റെ ഉദ്ദേശ്യത്തെ പരിഗണിച്ചും വിലയിരുത്തപ്പെടേണ്ടതാണ്. ഇതിനെ ധാർമ്മികമായ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

ഇവ രണ്ടിന്റെയും വ്യത്യാസം മനസ്സിലാക്കാൻ, ആരോ എറിഞ്ഞപ്പോൾ അപകടകരായ അവസ്ഥയിൽ ഒരു മരത്തിനുമുകളിൽ തങ്ങിനിന്നുപോയ ഒരു കല്ലിനെ ഉദാഹരണമായെടുക്കാം. നിങ്ങൾ ആ മരച്ചുവട്ടിലൂടെ നടന്നുപോയപ്പോൾ അത് നിങ്ങളുടെ മേൽ വീഴുകയും അതുകാരണമായി നിങ്ങൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്യുന്നു. അതിന്റെ പേരിൽ നിങ്ങൾ ആ മരത്തിനെ കുറ്റം പറയുകയോ അതിനോട് ശത്രുത പുലർത്തുകയോ ചെയ്യുമോ?

ഒരിക്കലുമില്ല. പക്ഷെ, ഒരാൾ ഒരു കല്ലെടുത്ത് നിങ്ങളെ പരിക്കേല്പിക്കണമെന്ന ഉദ്ദേശ്യത്തോടെ നിങ്ങളെ എറിയുകയാണെങ്കിൽ നിങ്ങൾക്ക് ദേഷ്യം വരികയും അയാളോട് ശത്രുതയുണ്ടാവുകയും അയാളോട് പ്രതികാരം ചെയ്യാൻ തോന്നുകയുമില്ലേ?

അയാൾ ചെയ്ത ആ തെറ്റിന് അയാൾ ശിക്ഷിക്കപ്പെടണമെന്ന് നിങ്ങൾ ന്യായമായും വിചാരിക്കുന്നു. കാരണം, അയാൾ ആ പ്രവർത്തി ഉദ്ദേശ്യത്തോടുകൂടി ചെയ്തതാണ്. അപ്പോൾ ഇവിടെയുള്ള ചോദ്യം അത് സംഭവിക്കാനുള്ള സാധ്യതയെക്കുറിച്ചോ അത് ശരിയോ തെറ്റോ എന്നതിനെക്കുറിച്ചോ എന്നതിനെക്കാളേറെ അയാളുടെ ഉദ്ദേശ്യം ശരിയോ തെറ്റോ എന്നതിനെക്കുറിച്ചാണ്. അതിനനുസരിച്ചാണ് അത് ധാർമ്മികമായി വിലയിരുത്തപ്പെടുന്നത്.

ഈ പറഞ്ഞ ഉദാഹരണം വളരെ ലളിതമായതും ആർക്കും വേഗത്തിൽ മനസ്സിലാകുന്നതുമാണ്. പ്രത്യേകിച്ച് രണ്ടാമത്തെ വിഭാഗത്തിലുള്ളത് വേഗത്തിൽ ഒരു ധാർമ്മികമായ വിധി സാധ്യമാകുന്ന തരത്തിലുള്ളതുമാണ്. പക്ഷെ, ജീവിതത്തിൽ വളരെ സങ്കീർണ്ണമായ നിലയിലും തെറ്റുകൾ കണ്ടുപിടിക്കാൻ പറ്റാത്ത നിലയിലും പ്രത്യാഘാതങ്ങൾ പരോക്ഷമായ നിലയിലുള്ളതും സമുദായത്തിന്റെ ധാർമ്മികമായ വിധികല്പനകൾക്ക് മുന്നിലോ നിയമക്കോടതിയിലോ പരിഗണിക്കപ്പെടാതെ പോകുന്നതുമായ ചില തെറ്റുകൾ ഉണ്ട്. ചിലപ്പോൾ തെറ്റുചെയ്യപ്പെട്ടുവെന്ന് ബോധ്യം വന്നിട്ടുണ്ടാവും. പക്ഷെ, കുറ്റവാളി അതിൽ നിന്ന് ബുദ്ധിപൂർവ്വം രക്ഷപ്പെടാൻ കെല്പുള്ളവനോ അല്ലെങ്കിൽ ആ തെറ്റിന് തക്ക ശിക്ഷ നല്കാൻ മനുഷ്യരാൽ കഴിയാതെ വരികയോ ചെയ്താൽ കുറ്റവാളി രക്ഷപ്പെട്ടുപോകാറുണ്ട്. ഇങ്ങനെയുള്ള കാരണങ്ങൾ കൊണ്ടാണ് തെറ്റുകൾ പലപ്പോഴും ആവർത്തിക്കപ്പെടുന്നത്. പക്ഷെ, അങ്ങനെയുള്ള കുറ്റവാളി തന്റെ ബുദ്ധി സാമർഥ്യത്തിലോ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടാൻ കഴിഞ്ഞ കഴിവിലോ സ്വയം പുകഴ്ത്തേണ്ടതില്ല. കാരണം, അങ്ങനെയുള്ള തെറ്റുകളെ സംബന്ധിച്ചാണ് അന്ത്യവിധിയുടെ ദിനം പ്രപഞ്ച സ്രഷ്ടാവ് വേഗത്തിൽ കണക്കെടുക്കുന്നത്.

ജീവിതത്തിന്റെ എല്ലാ തുറകളിലുള്ളവരും സ്രഷ്ടാവിന്റെ മുന്നിൽ തങ്ങളുടെ ജീവിതത്തിലെ എല്ലാ കര്യങ്ങളെക്കുറിച്ചും തുറന്നുകാട്ടേണ്ടിവരും. അന്ന് ഓരോരുത്തരുടെയും ധാർമ്മികവും

അധാർമ്മികവുമായ ചെയ്തികൾക്ക് വളരെയധികം പ്രാധാന്യമുണ്ടാവുകയും അവയുടെ ഫലമായി ഒന്നുകിൽ നമ്മെ സ്വർഗ്ഗത്തിലേക്ക് പറഞ്ഞയക്കുകയോ അല്ലെങ്കിൽ കത്തിയാളുന്ന നരകത്തിലേക്ക് വലിച്ചെറിയുകയോ ചെയ്യുന്നതാണ്. ഇതെല്ലാം ഈ ലോകത്ത് മറച്ചുവെക്കപ്പെട്ടിരിക്കുന്നത് ഇതിനെക്കുറിച്ചെല്ലാം വിചാരണ ചെയ്യാൻ സ്രഷ്ടാവ് പദ്ധതിയിട്ടിരിക്കുന്നതുകൊണ്ടാണ്. കുറ്റവാളി ഇതെല്ലാം ആദ്യമേ അറിയുമായിരുന്നുവെങ്കിൽ അവന്റെ വിചാരണ അർത്ഥശൂന്യമാകുമായിരുന്നു.

മനുഷ്യന്റെ ഓരോ പ്രവർത്തിക്കും ഓരോ തരത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാവുകയും അവയുടെ അനുകൂലമോ പ്രതികൂലമോ ആയ പ്രതിഫലനം അവർ കാണുകയും ചെയ്യും. ഈ അവസ്ഥകളോട് അവൻ എങ്ങനെ പ്രതികരിക്കുന്നുവെന്നതിനനുസരിച്ച് അവൻ സ്വയം നല്ല നിലയിലാക്കുകയോ തകർക്കുകയോ ചെയ്യുന്നു. അവൻ നല്ല നിലയിൽ പ്രതികരിക്കുകയാണെങ്കിൽ അവൻ പരീക്ഷയിൽ വിജയിക്കുകയും ചീത്തയായ നിലയിൽ പ്രതികരിക്കുകയാണെങ്കിൽ പരാജയപ്പെടുകയും ചെയ്യും.

# എന്താണ് പരലോകം?

**പ**രലോകം പ്രവർത്തനങ്ങളുടെ സദാചാരപരമായ പരിണിത ഫലം പൂർണ്ണമായി കൊയ്തെടുക്കാനുള്ള സ്ഥലമാണ്. പരലോകത്തെപ്പറ്റി നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ചില ചോദ്യങ്ങൾ ഉടലെടുക്കുന്നു. എങ്ങനെയാണ് മനുഷ്യൻ പരലോകത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും അതിനുവേണ്ടി തയ്യാറാകുകയും ചെയ്യേണ്ടത്?

അതിനുത്തരം കണ്ടെത്താൻ വേണ്ടി നമുക്ക് ശബ്ദത്തെ ഉദാഹരണമായെടുക്കാം. ശബ്ദമെന്നത് മനുഷ്യന്റെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത ചില തരംഗങ്ങളാണെന്ന് എല്ലാവർക്കുമറിയാം. മനുഷ്യ ശബ്ദമെന്നത് നാവിന്റെയും ചുണ്ടുകളുടെയും ചലനങ്ങൾ കൊണ്ട് ഉണ്ടാകുന്നതാണെന്നും എല്ലാവർക്കുമറിയാം. ഈ ശബ്ദങ്ങൾ അന്തരീക്ഷത്തിൽ കാണാൻ കഴിയാത്ത ഒരു രീതിയിൽ രേഖപ്പെടുത്തപ്പെടുന്നുണ്ട്. ശാസ്ത്രീയ സിദ്ധാന്ത പ്രകാരം ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് മനുഷ്യൻ ഉച്ചരിച്ച വാക്കുകളും ശബ്ദങ്ങളുമൊക്കെ ഇപ്പോഴും തരംഗ രൂപത്തിൽ അന്തരീക്ഷത്തിൽ നിലകൊള്ളുന്നുണ്ട്. നമുക്കിപ്പോൾ കാണാനോ കേൾക്കാനോ കഴിയുന്നില്ലെങ്കിലും ആ ശബ്ദങ്ങൾ പിടിച്ചെടുക്കാൻ സഹായകമായ ഉപകരണം കണ്ടുപിടിക്കപ്പെട്ടാൽ അവ അതിന്റെ യഥാർത്ഥ സ്ഥിതിയിൽ നമുക്ക് കേൾക്കാനാവും. അത് കഴിഞ്ഞ കാലത്തിലെ രഹസ്യങ്ങളുടെ കവാടം തുറക്കലും ചരിത്രപരമായ ഒരു ചർച്ചാ വിഷയവും ആയിത്തീരും.

നമ്മുടെ എല്ലാ ശബ്ദങ്ങളും വാക്കുകളും വായുവിന്റെ ഒരു

പുതപ്പിനുള്ളിൽ നാം കാണുകയോ കേൾക്കുകയോ ചെയ്യാത്ത നിലയിൽ കൊത്തിവെക്കപ്പെട്ടതുപോലെ നിലനിൽക്കുന്നുവെങ്കിൽ, പരലോകവും നാലുഭാഗത്തുനിന്നും നമ്മുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമെല്ലാം നിരന്തരമായി രേഖപ്പെടുത്തുകയും മൂടിവെക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ മടക്കുകളിൽ നമ്മുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുകയും മരണത്തിനുശേഷം അത് വായിക്കാൻ കഴിയുകയും ചെയ്യും.

നിശബ്ദമായി കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗ്രാമഫോൺ റിക്കാഡിനെപ്പറ്റി ഓർത്തുനോക്കൂ. സൂചി അതിലുള്ള അതിന്റെ രേഖകളിലേക്ക് വെക്കപ്പെടുമ്പോൾ നിശബ്ദമായിരുന്ന ആ ഡിസ്കിൽ നിന്ന് അതിൽ രേഖപ്പെടുത്തപ്പെട്ട സംഗീത ശബ്ദങ്ങളെല്ലാം പുറത്തുകേൾക്കാറില്ലേ? അതുപോലെ എല്ലാ പ്രവർത്തികളുടെയും ഒരു റിക്കാഡ് ഉണ്ടാക്കപ്പെടുകയും പ്രപഞ്ച നാഥൻ കല്പിക്കുമ്പോൾ അത് മുഴുവൻ കേൾക്കുകയും ചെയ്യുന്നു. അത് കേൾക്കുമ്പോൾ മനുഷ്യൻ അറിയാതെ പറഞ്ഞുപോകും: "ഇതെന്തൊരു പുസ്തകമാണ്?! ഇതിൽ ഏറ്റവും ചെറുതും ഏറ്റവും വലുതുമായ യാതൊരു കാര്യവും വിട്ടുപോയിട്ടില്ലല്ലോ?!"

# സ്രഷ്ടാവിനോടുള്ള ഉത്തരവാദിത്വം

സ്രഷ്ടാവ് മനുഷ്യന് അത്യന്താപേക്ഷിതമാണ്. സ്രഷ്ടാവിനെക്കൂടാതെ മനുഷ്യ ജീവിതം പൂർണ്ണമാവുകയില്ല. ഒരു തത്വജ്ഞാനി പറയുകയുണ്ടായി: "അഥവാ ഒരു ദൈവമില്ലായിരുന്നുവെങ്കിൽ നമുക്കൊരു ദൈവത്തെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഭാഗ്യവശാൽ ഒരു ദൈവം യഥാർത്ഥത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് നമുക്ക് ദൈവത്തെ ഒരു യാഥാർഥ്യമായി ദൃഢമായിത്തന്നെ വിശ്വസിക്കാം. നമ്മുടെ ജീവിതത്തിൽ ദൈവത്തിന് ഉചിതമായ സ്ഥാനവും നല്കാം."

മനുഷ്യന് തന്റെ പക്കൽ തന്റെ ജീവിതത്തെ നിയന്ത്രിക്കാൻ ഒരുത്തമ പദ്ധതി ഉണ്ടായിരിക്കൽ വളരെ അത്യാവശ്യമാണ്. അപ്രകാരം ജീവിതത്തിനെ നിയന്ത്രിക്കാനുള്ള സമ്പൂർണ്ണമായ ഒരു മഹത്തായ പദ്ധതി ദൈവം മനുഷ്യനുവേണ്ടി സജ്ജീകരിച്ചുവെച്ചിട്ടുണ്ട്.

മനുഷ്യൻ യാന്ത്രികമായ നിയമങ്ങൾ കൊണ്ട് നിയന്ത്രിക്കാൻ പറ്റുന്ന യന്ത്രങ്ങളെപ്പോലെയോ മൃഗീയ വാസനകളാൽ നയിക്കപ്പെടുന്ന മൃഗങ്ങളെപ്പോലെയോ അല്ല. മനുഷ്യൻ സ്വാതന്ത്ര്യം ആസ്വദിക്കുന്നു. അവൻ തന്റെ സ്വന്തം താത്പര്യത്തിനനുസരിച്ച് തീരുമാനമെടുക്കുന്നു. അപ്പോൾ മുനുഷ്യൻ എങ്ങനെ തന്നെ ശരിയായ അവസ്ഥയിൽ നിലനിർത്തുകയും അച്ചടക്കമുള്ളവനാക്കിത്തീർക്കുകയും ചെയ്യുമെന്ന ഒരു ചോദ്യം വരുന്നു. ഭൗതികമായ രീതിയിലുള്ള മാനദണ്ഡങ്ങളൊന്നും ഇക്കാര്യത്തിൽ പ്രായോഗി

കമല്ലെന്ന് ചരിത്രം തെളിയിക്കുന്നു. സാമൂഹ്യമായ സമ്മർദ്ദം ഇക്കാര്യത്തിൽ വളരെ കുറഞ്ഞതാണെന്നും പൂർണ്ണമായി ഫലപ്രദമായതല്ലെന്നും കാണപ്പെടുന്നു. നിയമത്തിനുള്ളിൽ കുറ്റം ചെയ്തവരെ പുറന്തള്ളാനുള്ള പല പഴുതുകളും കാണുന്നുണ്ട്. സാമൂഹ്യ പരിഷ്കർത്താക്കൾ ജനങ്ങളോട് ചില അഭ്യർത്ഥനകൾ ചെയ്യുക മാത്രമേ ചെയ്യുന്നുള്ളു. അതുകൊണ്ട് കാര്യമായ ഒരു മാറ്റവുമുണ്ടാകുന്നില്ല.

മനുഷ്യൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഓരോ നിമിഷവും കാണുകയും കേൾക്കുകയും, അതിന് തക്ക പ്രതിഫലമോ ശിക്ഷയോ നല്കാൻ കഴിയുന്ന തന്നെക്കാൾ ഉയർന്ന ഒരു ശക്തിയുണ്ടെന്നും, തന്റെ എല്ലാ കാര്യങ്ങളും വീക്ഷിക്കപ്പെടുന്നുണ്ടെന്നും അതിൽ നിന്ന് രക്ഷപ്പെടാൻ സാധ്യമല്ലെന്നും അറിയുന്നതുകൊണ്ട് മാത്രമേ മനുഷ്യന്റെ സ്വഭാവത്തിൽ പ്രതീക്ഷിക്കപ്പെടുന്ന അച്ചടക്കം ഉണ്ടായിത്തീരുകയുള്ളുവെന്നതൊരു സത്യമാണ്.

ഇങ്ങനെയുള്ള ഒന്ന് മാത്രമെയുള്ളു. അത് സ്രഷ്ടാവ് മാത്രമാണ്. സ്രഷ്ടാവിലുള്ള വിശ്വാസം ഒരേ സമയം രണ്ടുരീതിയിൽ പ്രവർത്തിക്കുന്നു. ഒന്നാമതായി, മനുഷ്യൻ സ്രഷ്ടാവിനെ മനുഷ്യന്റെ എല്ലാ കാര്യങ്ങളും അറിയുന്നവനും യാതൊരു പരിമിതിയുമില്ലാത്ത അപാര കഴിവുള്ളവനും അവനെ കഠിനമായി ശിക്ഷിക്കാൻ പ്രാപ്തിയുള്ളവനുമായ ഒരു രക്ഷിതാവായിക്കാണുന്നു. രക്ഷിതാവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ മനുഷ്യന് സാധിക്കുകയില്ല. രക്ഷിതാവിലുള്ള വിശ്വാസം മനുഷ്യനെ രഹസ്യമായും പരസ്യമായും ശരിയായ ഒരുറച്ച നിലപാട് സ്വീകരിക്കുവാൻ നിർബ്ബന്ധിതനാക്കുന്നു. അതുകൊണ്ട് മാത്രമേ അവന് രക്ഷിതാവിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയുകയുള്ളു.

രണ്ടാമതായി, സ്രഷ്ടാവിലുള്ള വിശ്വാസം പരിധികളില്ലാത്ത ആഗ്രഹങ്ങളുടെ ഒരു കലവറയാണ്. സ്രഷ്ടാവിലുള്ള ദൃഢവിശ്വാസം കൊണ്ട് സത്യത്തിന്റെ വഴിയിലൂടെ മുന്നോട്ട് പോകുമ്പോഴുണ്ടാകുന്ന നഷ്ടങ്ങളും എതിർപ്പുകളും പ്രയാസങ്ങളുമെല്ലാം ധൈര്യപൂർവ്വം സഹിക്കാൻ മനുഷ്യന് കഴിയും. അവൻ സ്രഷ്ടാവിന്റെ കല്പനകൾ പാലിച്ചുകൊണ്ട് ജീവിച്ചാൽ അവന് കിട്ടാവുന്നതിൽ വെച്ച് ഏറ്റവും വലിയ പ്രതിഫലമായ സ്വർഗ്ഗം എന്നേക്കുമായി സ്രഷ്ടാവ് അവന് നല്കുന്നതാണ്. മനുഷ്യന് തന്റെ സ്വന്തം നിലയിൽ നന്മയുമായി സ്വയം ബന്ധിപ്പിക്കാനും

നീതി പാലിക്കാനും സാധ്യമല്ല. നീതി പൂർണ്ണതയോടെ നില നിർത്തുകയും മനുഷ്യനെ നല്ല വഴിയിലൂടെ നടത്താൻ കഴിയുകയും അതിൽ നിന്ന് വ്യതിചലിച്ചാൽ ശിക്ഷിക്കാൻ കഴിയുകയും ചെയ്യുന്ന ഏറ്റവും ഉന്നതമായ ശക്തിയിലുള്ള ഉറച്ച വിശ്വാസം കൊണ്ട് മാത്രമേ അത് സാധ്യമാകുകയുള്ളു. ഈ ലോകം ഒരു ക്രൂരനായ കുറ്റവാളിക്ക് തക്കതായ ശിക്ഷ നല്കാൻ പൂർണ്ണമായ നിലയിൽ പര്യാപ്തമല്ല. അതേപോലെ ഈ ലോകം ഒരാളുടെ സത്പ്ര വർത്തിക്കുള്ള വമ്പിച്ച പ്രതിഫലം നല്കാനും മതിയായതല്ല. എന്നാൽ സ്രഷ്ടാവിന് എല്ലാ നന്മകൾക്കും പരിപൂർണ്ണമായ പ്രതി ഫലവും എല്ലാ തെറ്റുകൾക്കും മതിയായ ശിക്ഷയും നല്കാൻ മതി യായ, യാതൊരു പരിമിതികളുമില്ലാത്ത ലോകം സൃഷ്ടിക്കാൻ കഴി യുമെന്ന് നമ്മുടെ വിശ്വാസം ബോധ്യപ്പെടുത്തുന്നു.

എന്നെന്നും ജീവിച്ചിരിക്കുന്നവനും സർവ്വ ശക്തനുമായ രക്ഷി താവിനെപ്പറ്റിയുള്ള യഥാർത്ഥ ധാരണയോടൊപ്പം ഉത്തരവാദിത്വ ത്തെപ്പറ്റിയുള്ള ധാരണയും ആവശ്യമാണ്. ഉത്തരവാദിത്വത്തെപ്പ റ്റിയുള്ള ധാരണ മനുഷ്യനിൽ നിന്ന് നല്ല ചിന്തയും നല്ല പ്രവർത്തിയും ഉറപ്പാക്കുന്നു. ഇത് മനുഷ്യനെ രക്ഷിതാവിന്റെ ശിക്ഷയെപ്പറ്റി ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം ശരിയായ വഴി അംഗീകരിച്ച് നല്ലത് പ്രവർത്തിച്ചാൽ രക്ഷിതാവ് നല്കുന്ന പ്രതിഫലത്തെക്കുറിച്ചുള്ള ഉറപ്പും അവന് നല്കുന്നു. രക്ഷിതാവിനെക്കുറിച്ചുള്ള ധാരണ നഷ്ടം ലാഭമാക്കിത്തീർക്കു ന്നതും എതിർപ്പുകളെ നന്മയുമായി ബന്ധിപ്പിക്കുന്നതുമായ ഒരാ ശയം മനുഷ്യന് നല്കുന്നു.

# മനുഷ്യൻ യാഥാർഥ്യം തിരിച്ചറിയുന്നു

**അ**ല്പ നിമിഷം ഇതിനെപ്പറ്റി ഒന്ന് ചിന്തിച്ചുനോക്കൂ. നിങ്ങൾക്ക് വളരെ നീണ്ടതും മുറിഞ്ഞുപോകാത്തതുമായ ഒരു ജീവിതമാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. മരണമെന്നത് നമ്മുടെ ജീവിതത്തിലെ രണ്ടുഘട്ടങ്ങളെ വേർത്തിരിക്കുന്നതിനിടയിലെ ഒരു വിഭജന രേഖ മാത്രമാണ്. മരണം ജീവിതത്തിന്റെ അവസാനമല്ല. അത് ജീവിതത്തിലെ മറ്റൊരു കാലഘട്ടത്തിന്റെ തുടക്കം മാത്രമാണ്.

ഒരു വിത്ത് വിതക്കുന്ന കൃഷിക്കാരനെ ഉദാഹരണമായെടുക്കാം. അയാൾ തന്റെ സമ്പത്ത് അതിൽ നിക്ഷേപിച്ചുകൊണ്ട് കൃഷി തുടങ്ങുന്നു. വിള പാകമാവുകയും ആവശ്യമായത്ര ഉണക്കമുള്ളതാവുകയും ചെയ്യുന്നതുവരെ കൃഷിപ്പണി ചെയ്തതിന് ശേഷം അയാൾ വിളയുടെ കൊയിത്ത് നടത്തുന്നു. അങ്ങിനെ കിട്ടുന്ന ധാന്യങ്ങൾ അയാൾ സ്വന്തം ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും പിന്നീടുള്ള ആവശ്യത്തിനുവേണ്ടി സംഭരിച്ചുവെക്കുകയും ചെയ്യുന്നു. കൊയിത്ത് കൃഷിയുടെ വളർച്ചയുടെ ഒരു ഭാഗത്തിന്റെ അവസാനമാകുന്നു. ആ സമയത്ത് ചെടികൾ നടുകയും കൃഷിപ്പണികൾ ചെയ്യുകയും ചെയ്തു. ധാന്യങ്ങൾ കൊയിതെടുക്കുന്നതുവരെ ചെലവുകൾ ചെയ്യുക മാത്രമായിരുന്നു. കൊയിതതിന് ശേഷം മാത്രമാണ് കൃഷിക്കാരൻ തന്റെ പ്രയത്നങ്ങളുടെ ഫലങ്ങൾ ആസ്വദിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ അവസ്ഥയും ഇപ്രകാരം തന്നെയാണ്. ഈ ലോകത്തുവെച്ച് നാം പരലോകത്തിനുവേണ്ടി

ചെലവഴിക്കുകയും പ്രയത്നങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. നമുക്കെല്ലാവർക്കും കൃഷി ചെയ്യുകയോ വെറുതെ പാഴാക്കിയിടുകയോ ചെയ്യാവുന്ന ഓരോ വയലുകളുണ്ട്. നാം ഉല്പാദന ശേഷിയുള്ളതോ നശീകരണ ശേഷിയുള്ളതോ ആയ വിത്തുകൾ അതിൽ വിതക്കുന്നു. നമ്മുടെ വയൽ ഒരുക്കിയതിന് ശേഷം നാമതിനെ ശ്രദ്ധിച്ചുപരിപാലിക്കുകയോ അതിനെ അശ്രദ്ധയോടെ അവഗണിക്കുകയോ ചെയ്യുന്നു. ഒന്നുകിൽ മുള്ളുകളായിരിക്കും നാം കൃഷിചെയ്തിട്ടുണ്ടാവുക, അല്ലെങ്കിൽ നല്ല പൂക്കളും പഴങ്ങളുമുണ്ടാകുന്ന ചെടികളായിരിക്കും നമ്മൾ നട്ടുവളർത്തിയിട്ടുണ്ടാവുക. നമ്മുടെ ശക്തി നാം വിളവ് നന്നാക്കിത്തീർക്കാൻ വേണ്ടി ഉപയോഗിച്ചിരിക്കാം, അല്ലെങ്കിൽ യൊതൊരു ആവശ്യവുമില്ലാത്ത കാര്യങ്ങൾക്കുവേണ്ടിയായിരിക്കാം നമ്മുടെ സമയം പാഴാക്കിയിട്ടുണ്ടായിരിക്കുക. ഈ വിളവ് തയ്യാറാക്കാനുള്ള സമയം മരണംവരെയാണ്. നമ്മുടെ മരണ ദിവസം വിളവ് കൊയ്യുന്ന ദിവസമാണ്. ഈ ലോകത്തെ നമ്മുടെ കണ്ണുകൾ അടയുന്നതോടുകൂടി പരലോകത്തെ കണ്ണുകൾ തുറക്കും. അവിടെ വെച്ച് നാം ജീവിത കാലം മുഴുവൻ ചെലവഴിച്ച് കൃഷി ചെയ്തതിന്റെ വിളവ് നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടും.

ഓർക്കുക: ആരാണോ കൃഷി ചെയ്യുന്നത് അവൻ തന്നെയാണ് വിള കൊയ്യുക. അയാൾ എന്തുവിതച്ചുവോ അതുതന്നെയായിരിക്കും കൊയ്യുന്നതും. അതുപോലെ ഈ ലോകത്തുവെച്ച് ഓരോ മനുഷ്യനും മരണത്തിനുമുമ്പായി തനിക്കുവേണ്ടി എന്താണോ തയ്യാറാക്കിവെച്ചിട്ടുള്ളത് അതുമാത്രമേ മരണാനന്തര ജീവിതത്തിൽ അവന് ലഭിക്കുകയുള്ളു.

ഒരാൾ കൃഷി ചെയ്ത് വളർത്തിയത് മാത്രമേ അവന്റെ കളപ്പുരയിലേക്ക് കൊണ്ടുപോകുകയുള്ളുവെന്നും ഏതൊരു കൃഷിക്കാരനും അറിയാം. അതേപോലെ ഓരോ മനുഷ്യനും ഈ ലോകത്തെ പരിശ്രമത്തിനനുസരിച്ചായിരിക്കും പരലോകത്ത് പ്രതിഫലം നല്കപ്പെടുക. ഒരു മനുഷ്യന് പ്രയത്നിക്കാനും പരിശ്രമിക്കാനുമുള്ള സമയത്തിന്റെ അവസാനമായി എന്ന പ്രഖ്യാപനമാണ് മരണം. പ്രതിഫലം ലഭിക്കാനുള്ള അവസാന സ്ഥലം പരലോകവുമാണ്. മരണത്തിനുശേഷം ആർക്കും ഒരു പരിശ്രമവും ചെയ്യാനുള്ള അവസരം ലഭിക്കുകയില്ല. മരണാനന്തരമുള്ള ലോകം ഒരിക്കലും അവസാനിക്കുകയുമില്ലെന്നുള്ള കാര്യം നാം ഓർത്തിരിക്കണം.

എന്തൊരു ആപൽക്കരമായ കാര്യമാണിതെന്ന് അലോചിച്ചു നോക്കൂ. മനുഷ്യന് മരണത്തിനുമുമ്പായി ഇക്കാര്യത്തെക്കുറിച്ചുള്ള പക്വമായ ഒരറിവ് ലഭിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മരണത്തിനുശേഷം ഈ സത്യത്തെപ്പറ്റി ബോധവാനാകുകയെന്നുള്ളത് വളരെ വൈകിപ്പോകലായിത്തീരും. എന്തുകൊണ്ടെന്നാൽ, അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. ആ സമയം തന്റെ തെറ്റുകളുടെ ഗൗരവം മനസ്സിലാക്കുവാനോ പശ്ചാതപിച്ചുമടങ്ങാനോ പ്രായശ്ചിത്തം ചെയ്യാനോ ഒരിക്കലും സമയം ലഭിക്കുകയില്ല.

മനുഷ്യ രാശിയുടെ സമയം അവരെ അതിവേഗത്തിൽ അവരുടെ വിളയുടെ കൊയിത്തിലേക്ക് വലിച്ചുകൊണ്ടുപോയിക്കൊണ്ടിരിക്കുകയാണെങ്കിലും അവർ അതിനെക്കുറിച്ചുള്ള മറവിയിൽ കഴിഞ്ഞുകൂടുകയാണ്. അവർ തങ്ങളുടെ വിലപ്പെട്ട സമയം പല കാര്യങ്ങളിലും വ്യർത്ഥമായി ചെലവഴിക്കുകയും ഭൗതികമായ ലാഭങ്ങൾ നേടിയെടുക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്തുകൊണ്ട്, വിലപ്പെട്ട കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്ന് വിചാരിക്കുന്നു. അവനുമുമ്പിൽ അനശ്വരമായ ഭാവി ശോഭനമാക്കാനുള്ള ഏറ്റവും വിലപ്പെട്ട അവസരമുണ്ടെങ്കിലും അവൻ ഒരു പ്രാധാന്യവുമില്ലാത്ത വ്യർത്ഥമായ കാര്യങ്ങളിലാണ് മുഴുകുന്നത്. അവന്റെ നാഥൻ അവനെ അറ്റമില്ലാത്ത അനുഗ്രഹങ്ങളുടെയും സന്തോഷത്തിന്റെയും ലോകമായ സ്വർഗ്ഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ അറിവില്ലായ്മകൊണ്ട് അവൻ നൈമിഷികവും നശ്വരവുമായ സുഖങ്ങളിൽ മുഴുകിക്കഴിയുന്നു. അവൻ വിചാരിക്കുന്നത്, താൻ സമ്പാദിക്കുകയാണെന്നാണ്. എന്നാൽ സത്യത്തിൽ അവൻ ധൂർത്തടിച്ചുകൊണ്ടിരിക്കുകയാണ്. അവന്റെ ലൗകികമായ മാളിക പണിഞ്ഞുകൊണ്ടിരിക്കുമ്പോൾ അവന്റെ ജീവിതത്തിനുവേണ്ടി പടുത്തുയർത്തുകയാണെന്ന മനക്കോട്ടയിലാണവൻ. എന്നാൽ ഏതുനിമിഷവും തകർന്നുപോകാവുന്ന മണൽക്കോട്ടയാണ് അവൻ കെട്ടിക്കൊണ്ടിരിക്കുന്നത്.

മനുഷ്യാ, നീ തിരിച്ചറിയുക: നീ എന്താണ് ചെയ്യേണ്ടിയിരുന്നത്; എന്നാൽ, എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

# സ്രഷ്ടാവിനെ ചുറ്റുന്ന ജീവിതം

**ഭൂ**മി സൂര്യന്റെ ഉപഗ്രഹമാണ്. അത് സൂര്യനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. സൂര്യനെ പൂർണ്ണമായി പ്രദക്ഷിണം ചെയ്യാൻ അതിന് ഒരു വർഷം വേണ്ടിവരുന്നു. സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ ഈ കറക്കം ഭൂമിയിലെ ജീവിതം ആരോഗ്യകരമായി നിലനിൽക്കാൻ ആവശ്യമാണ്. ഭൂമി സൂര്യന് ചുറ്റും കറങ്ങുന്നില്ലെങ്കിൽ അതിന്റെ നിലനിൽപ്പിന് അർത്ഥമില്ലാതായിത്തീരുകയും ഭൂമിയിലെ ജീവിതം അവസാനിക്കുകയും ചെയ്യും.

നാം ഈ ലോകത്ത് എങ്ങനെ ജീവിക്കണമെന്നതിനുള്ള പ്രായോഗികമായ ഒരു ഉദാഹരണമാണിത്. ഇതിൽ നിന്ന് ഭൂമി സൂര്യനുചുറ്റും കറങ്ങുന്നതുപോലെ മനുഷ്യൻ സ്രഷ്ടാവിനുചുറ്റുമായി കറങ്ങിക്കൊണ്ടിരിക്കണമെന്നതിന്റെ പ്രത്യക്ഷമായ ഒരു പ്രദർശ്ശനമാണിത്. മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും സ്രഷ്ടാവിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം ചെയ്യേണ്ടത് എന്നാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്.

സ്രഷ്ടാവിന്റെ കല്പനയനുസരിച്ച് സൃഷ്ടി സ്രഷ്ടാവിന്റെ ന്യൂനതകളോ സമാനതകളോ ഇല്ലാത്ത നിയമപ്രകാരം നിർബ്ബന്ധിതമായതിനാലാണ് ഭൂമി സൂര്യനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നത്. പക്ഷെ, മനുഷ്യൻ തന്റെ സ്വന്തം താത്പര്യപ്രകാരം യാതൊരു നിർബ്ബന്ധവും കൂടാതെ സ്രഷ്ടാവിന് സ്വയം സമർപ്പിക്കണം. സ്രഷ്ടാവിന്റെ കല്പനപ്രകാരമുള്ള ഒരു ജീവിതം അവൻ കെട്ടിപ്പടുക്കണം. ഈ ബോധം അവന്റെ യഥാർത്ഥമായ ഉയർച്ചയാണ്. ഈ ബോധത്തിലാണ് അവന്റെ വിജയ രഹസ്യം കുടികൊള്ളുന്നത്.

സ്രഷ്ടാവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജീവിതം സ്രഷ്ടാവിനെ കണ്ടെത്തുന്നതിലൂടെയാണ് തുടങ്ങുന്നത്. പുരുഷനോ സ്ത്രീയോ ആയ മനുഷ്യൻ സ്രഷ്ടാവിനെ കണ്ടെത്തിയാൽ അവൻ സത്യത്തെ കണ്ടെത്തി. ഈ സത്യം അവനിൽ പൂർണ്ണമായി വ്യാപിക്കുകയും ചെയ്യുന്നു. സത്യം കണ്ടെത്തിയ അനുഭൂതി അവനിൽ എന്നെന്നും നിലനിൽക്കുന്ന ദൃഢ വിശ്വാസമായി അവനെ അതിന്റെ അനുഭൂതി ആസ്വദിപ്പിച്ചുകൊണ്ടിരിക്കും. ഈ ദൃഢ വിശ്വാസം അവന്റെ ജീവിതത്തിൽ നിന്ന് എല്ലാവിധ മാനസിക വിഷമങ്ങളും എടുത്തുകളയും. അതിനാൽ അവന് നഷ്ടങ്ങളൊന്നും നഷ്ടങ്ങളായിത്തോന്നുകയില്ല. കാരണം, ഏറ്റവും വലിയതും തീർന്നുപോകാത്തതുമായ ഖജനാവിന്റെ ഉടമസ്ഥനായ രക്ഷിതാവ് അവനോടൊപ്പമുണ്ടാകും.

സ്രഷ്ടാവിന്റെ സൃഷ്ടികളെക്കുറിച്ച് അഗാധമായി ചിന്തിക്കുമ്പോൾ മനുഷ്യന് ഇക്കാര്യം അനുഭവപ്പെടും. നമ്മുടെ മുന്നിലുള്ള പ്രപഞ്ചം സ്രഷ്ടാവിന്റെ സ്വാഭാവികമായ ഗുണങ്ങളുടെ പ്രകടന വസ്തുവാണ്. അത് സ്രഷ്ടാവിനെ പൂർണ്ണമായി പരിചയപ്പെടുത്തലാണ്. മനുഷ്യൻ തന്റെ പ്രതിബിംബം കണ്ണാടിയിൽ കാണുന്നതുപോലെ സൃഷ്ടികളിലൂടെ സ്രഷ്ടാവിനെ കാണുന്നു.

ശൂന്യാകാശത്തിന്റെ അനന്ത വിശാലത നമ്മോട് സ്രഷ്ടാവ് അതിരുകളില്ലാത്തവനാണെന്ന് പറയുന്നു. സൂര്യനക്ഷത്ര നിരീക്ഷണങ്ങൾ കാണിക്കുന്നത് സ്രഷ്ടാവ് എല്ലാ പ്രകാശങ്ങളുടെയും പ്രകാശമാണെന്നാണ്. പർവ്വതങ്ങളുടെ ഉയരങ്ങൾ ആ പർവ്വതങ്ങളുടെ സ്രഷ്ടാവ് ഏറ്റവും ഉന്നതനാണെന്ന് നമുക്ക് കാണിച്ചുതരുന്നു. സമുദ്രത്തിലെ തിരമാലകളും നദികളുടെ ഒഴുക്കും സ്രഷ്ടാവ് അറ്റമില്ലാത്ത അനുഗ്രഹങ്ങളുടെ കേദാരമാണെന്ന് നമ്മോട് പറയുന്നു. സസ്യങ്ങളുടെ പച്ചപ്പിൽ നാം സ്രഷ്ടാവിന്റെ ഔദാര്യം ദർശിക്കുന്നു. മനുഷ്യന്റെ നിലനിൽപ്പ് സ്രഷ്ടാവിന്റെ അസ്തിത്വത്തിനുള്ള തെളിവായിത്തീരുന്നു. കാറ്റിന്റെ തഴുകൽ സ്രഷ്ടാവിന്റെ ദിവ്യമായ സ്പർശനമായനുഭവപ്പെടുന്നു. പക്ഷികളുടെ കൂജനങ്ങളിൽ നിന്ന് സ്രഷ്ടാവിന്റെ സംഗീതം കേൾക്കുന്നു.

സ്രഷ്ടാവിന്റെ സ്മരണയിലൂടെയാണ് സ്രഷ്ടാവുമായി ബന്ധപ്പെട്ട ജീവിതം തുടങ്ങുന്നത്. സ്രഷ്ടാവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നവൻ സ്രഷ്ടാവിന്റെ സാമീപ്യം അനുഭവിക്കാൻ തുടങ്ങുന്നു. എല്ലാമെല്ലാം അവനെ സ്രഷ്ടാവിനെക്കുറിച്ച് ഓർമ്മിക്കാൻ

പ്രേരിപ്പിക്കുന്നു. സ്രഷ്ടാവിനെക്കുറിച്ചുള്ള സ്മരണ അവന്റെ മനസ്സിൽ നിന്നും ഹൃദയത്തിൽ നിന്നും അപ്രത്യക്ഷമാവുന്നില്ല. അവന്റെ പ്രഭാതങ്ങളും പ്രദോഷങ്ങളും അവൻ ചെലവഴിക്കുന്നത് താൻ സ്രഷ്ടാവിന്റെ സന്നിധിയിൽ താമസിക്കുന്നതുപോലെയാണ്. മഴ വിളയെ കുളിരണിയിക്കുന്നതുപോലെ അവന്റെ മനസ്സിനെ സ്രഷ്ടാവിനെക്കുറിച്ചുള്ള സ്മരണ കുളിരണിയിക്കുന്നു.

സ്രഷ്ടാവ് മനുഷ്യന്റെ ആത്മീയതയുടെ കേന്ദ്രബിന്ദുവാണ്. ആരുടെ ഹൃദയം സ്രഷ്ടാവുമായി ബന്ധിപ്പിക്കപ്പെടുന്നുവോ അവർക്ക് ഓരോ നിമിഷത്തിലും ആത്മീയമായ അനുഭവങ്ങളുണ്ടാകും. സ്രഷ്ടാവിലുള്ള വിശ്വാസം അവന്റെ ആത്മീയ വളർച്ചയുടെ ഉറവിടമായിത്തീരും. സ്രഷ്ടാവുമായുള്ള സ്നേഹം അവന്റെ ഹൃദയത്തിൽ നിറഞ്ഞാൽ പിന്നീടവന് മറ്റൊന്നും ആവശ്യമായിവരില്ല. സ്രഷ്ടാവ് അവനെപ്പോഴും നീന്തിത്തുടിക്കാനുള്ള ഒരു അറ്റമില്ലാത്ത മഹാ സമുദ്രമായി തുടരും. ആത്മീയമായ ഉന്നതിയുടെ അവസ്ഥയിൽ മറ്റൊന്നും ആവശ്യം വരാത്ത രീതിയിലുള്ള വലിയൊരു സമ്പത്ത് ലഭിച്ചതായി അവന് തോന്നും.

സ്രഷ്ടാവിനെ കണ്ടെത്തുന്ന ഒരാൾക്ക് ഈ പ്രപഞ്ചം മുഴുവൻ ഒരു തുറന്ന പുസ്തകമായിത്തീരും. ഒരു മരത്തിലെ ഓരോ ഇലയും വിശുദ്ധമായ ആ ഗ്രന്ഥത്തിലെ ഓരോ ഏടുകളായിത്തീരും. അവൻ സൂര്യനെ കാണുമ്പോൾ സ്രഷ്ടാവവന് പുസ്തകം വായിക്കാൻ ആകാശത്തുനിന്ന് വിളക്ക് പ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് തോന്നും. ഈ പ്രപഞ്ചം ഒരു ഉന്നതമായ സർവ്വകലാശാലയാണെന്നും അവൻ അതിലെ വിദ്യാർത്ഥിയാണെന്നും അവന് തോന്നും.

സ്രഷ്ടാവിനെ കാണൽ അവന്റെ സ്നേഹത്തിന്റെ കേന്ദ്രം ദർശ്ശിക്കലാണ്. ജന്മനാ മനുഷ്യൻ അവനെക്കാളും മുകളിലുള്ളവനും എല്ലാ പരിമിതികൾക്കുമതീതനും അവന്റെ ആഗ്രഹങ്ങളുടെയെല്ലാം കേന്ദ്രവുമായ ഏറ്റവും ഉന്നതനായ ഒരുവനെ തേടിക്കൊണ്ടിരിക്കുന്നവനാണ്. അവൻ അന്വേഷിച്ചവനെ കണ്ടെത്തുമ്പോൾ മാതാവിന്റെ കൈകളിലെ ശിശുവിനെപ്പോലെ പ്രായപൂർത്തിയായ ആ മനുഷ്യൻ സന്തോഷവാനായിത്തീരും. സ്രഷ്ടാവിനെ കണ്ടെത്തൽ വഴി സ്രഷ്ടാവല്ലാത്ത മറ്റൊന്നിനെ ആരാധനക്കർഹനായി തെറ്റായി മനസ്സിലാക്കുന്നതിൽ നിന്ന് രക്ഷപ്പെടും. സ്രഷ്ടാവിനെ കണ്ടെത്തുന്നത് ഓരോരുത്തരുടെയും ആരാധിക്കപ്പെടാൻ അർഹതപ്പെട്ടതിനെ കാണുന്നതിനുള്ള ശക്തമായ ആഗ്രഹം പൂർത്തീക


രിക്കുവാൻ വേണ്ടിയാണ്. അതിലുള്ള പരാജയം ഒരു മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം നേടിയെടുക്കുന്നതിലെ പരാജയമാണ്.

സ്രഷ്ടാവിനെ കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നവൻ സ്രഷ്ടാവിന്റെ സ്ഥാനത്ത് ആരാധിക്കാൻ അർഹതപ്പെട്ട മറ്റൊന്നിനെ കണ്ടെത്താൻ നിർബ്ബന്ധിതനാകും. ആ സ്ഥാനത്ത് ഒരു പക്ഷെ ഒരു പ്രത്യേക മനുഷ്യനെയായിരിക്കും അയാൾ അംഗീകരിക്കുക. ചിലപ്പോൾ ഏതെങ്കിലും മൃഗത്തിനെയോ അല്ലെങ്കിൽ പ്രകൃതീ പ്രതിഭാസത്തെയോ അതുമല്ലെങ്കിൽ ഏതെങ്കിലും ഭൗതിക ശക്തിയെയോ, സാമാന്യമായ ഏതെങ്കിലും സങ്കല്പത്തെയോ, സ്വന്തത്തെത്തന്നെയോ കണ്ടെത്തിയെന്നുവരാം.

ഒരാൾ സ്രഷ്ടാവിനെ കണ്ടെത്തുന്നതിൽ പരാജയപ്പെടുകയോ സ്രഷ്ടാവിനെ നിഷേധിക്കുകയോ ചെയ്താൽപ്പോലും യഥാർത്ഥത്തിൽ ആരാധനക്കർഹൻ ആരാണെന്ന് കണ്ടെത്താനുള്ള മനസ്സിന്റെ വ്യഗ്രതയെ ഇല്ലാതാക്കാൻ അവന് സാധ്യമല്ല. അതുകൊണ്ടാണ് ഒരു പുരുഷനോ സ്ത്രീക്കോ സ്രഷ്ടാവിനെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ മറ്റെന്തിനെയെങ്കിലും ആരാധിക്കുന്നതിൽ നിന്ന് ഒഴിവാകാൻ പറ്റാത്തത്. അങ്ങിനെ അവർ സാങ്കല്പികമായി ആരാധനക്കുവേണ്ടി തിരഞ്ഞെടുക്കുന്നത് സ്രഷ്ടാവിന്റെ ഒരു സൃഷ്ടിയെയായിരിക്കും. മനുഷ്യ പ്രകൃതിപ്രകാരം അവർക്ക് സ്രഷ്ടാവിനെ ആരാധ്യനായി അംഗീകരിക്കാതിരിക്കാൻ കഴിഞ്ഞേക്കാം. പക്ഷെ, ഒരാൾക്കും അവനെയോ അവളെയോ സ്രഷ്ടാവൊഴികെയുള്ള ഒന്നിന് ദിവ്യത്വം നല്കുന്നതിൽ നിന്ന് രക്ഷിക്കാൻ കഴിയില്ല.

ഒരാളുടെ ആരാധന സ്രഷ്ടാവിന് മാത്രമാക്കുന്നത് ആ മനുഷ്യന്റെ സ്ഥാനത്തെ ഉയർത്തുന്നു. മറിച്ച്, സ്രഷ്ടാവല്ലാത്ത മറ്റൊന്നിനെ ആരാധിക്കുന്നത് മനുഷ്യനെ മനുഷ്യത്വത്തിൽ നിന്ന് താഴുത്തിക്കളയുന്നു. സ്രഷ്ടാവിലേക്ക് സ്വയം സമർപ്പിക്കൽ മാത്രമാണ് മനുഷ്യന്റെയും ഈ പ്രപഞ്ചത്തിന്റെയും യഥാർത്ഥ വഴി.

*



മൗലാനാ
വഹീദുദ്ദീൻ ഖാൻ

# ജീവിതത്തിന്റെ അർത്ഥം

എണ്ണമറ്റ നൈസർഗ്ഗിക കഴിവുകളുമായിട്ടാണ് മനുഷ്യൻ ഈ ലോകത്ത് ജനിക്കുന്നത്. പക്ഷെ, ഈ ലോകത്ത് അത്തരം കഴിവുകൾക്ക് പരിമിതമായ ഉപയോഗമാണ് അവന് കാണാൻ കഴിയുന്നത്. യഥാർത്ഥത്തിൽ മനുഷ്യരെല്ലാം ഒരിക്കലും അവസാനിക്കാത്ത ഒരു ജീവിതമാണ് കൊതിക്കുന്നത്. എന്നാൽ അവന്റെ അനുവാദം കൂടാതെ പെട്ടെന്ന് മരണം വന്നുചേരുകയും അവന്റെ ജീവിതം അവസാനിക്കുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ യാതൊരു വ്യത്യാസവുമില്ല. എന്തുകൊണ്ടാണ് മനുഷ്യനും ഈ ലോക ജീവിതവും തമ്മിൽ പൊരുത്തപ്പെടാത്തത്?

**Goodword Books Kerala**

**Price: Rs. 50**